
# പൂവാർ ഗ്രാമപഞ്ചായത്ത്

വികസനരേഖ

1997-'98–2002-'03



'ഒൻപതാം പദ്ധതി
ജനകീയ പദ്ധതി'

# പൂവാർ ഗ്രാമ പഞ്ചായത്ത്

# സമഗ്ര
# വികസനറിപ്പോർട്ട്

അധികാരം ജനങ്ങളിലേയ്ക്ക്

## സമർപ്പണം

ഗ്രാമസഭകളിൽ ഉയർന്നു കേട്ട ജനകീയ ആവശ്യങ്ങളും ലഭ്യമായ എല്ലാ സ്ഥിതി വിവരകണക്കുകളും ആധാരമാക്കി പഞ്ചായത്തുതല ആസൂത്രണ സമിതി പ്രവർത്തകവരുടേയും, ജനപ്രതിനിധികളൂടെയും സജീവ ചർച്ചയിൽ രൂപംകൊണ്ട ഈ വികസന റിപ്പോർട്ട് ബഹുജനസമക്ഷം അംഗീകാരത്തിനും പുതിയ നിർദ്ദേശങ്ങൾക്കുമായി സവിനയം സമർപ്പിച്ചുകൊള്ളട്ടെ !

സ്നേഹാദരപൂർവ്വം

പി. രവീന്ദ്രൻ
പ്രസിഡന്റ്
പൂവാർ ഗ്രാമപഞ്ചായത്ത്




"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

"ഏറ്റവും അടിത്തട്ടിലുള്ളവർക്ക്പോലും ഇതെന്റെ നാടാണെന്നും ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോദ്ധ്യമാകണം. അതാണ് സ്വരാജിലേയ്ക്കുള്ള വഴി".

മഹാത്മാഗാന്ധി

## വികസനറിപ്പോർട്ടു തയ്യാറാക്കൽ ആധാരമായ രേഖകൾ

- സ്പെഷ്യൽ ഗ്രാമസഭാ റിപ്പോർട്ടുകൾ
- ദ്വിതീയ വിവരശേഖരണം
- വകുപ്പുതലറിവ്യൂറിപ്പോർട്ടുകൾ
- പഞ്ചായത്തു ഭൂപടം
- പഠനപര്യടനം
- ചരിത്രരേഖകൾ
- നടപ്പുപദ്ധതികളുടെ അവലോകനറിപ്പോർട്ട് തയ്യാറാക്കൽ



"രാഷ്ട്ര പിതാവിന്റെ
സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്
അത് പഞ്ചായത്തീരാജ്
നിയമനിർമ്മാണത്തിലൂടെ
രാജ്യത്തിന് സമർപ്പിക്കുവാൻ
കഴിഞ്ഞതിൽ എനിക്ക്
അതിയായ സന്തോഷമുണ്ട്".

രാജീവ്ഗാന്ധി

## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| ചെയർമാൻ | – | പി. രവീന്ദ്രൻ |
| എഡിറ്റർ | – | പി.കെ. സാംദേവ് |
| സബ് എഡിറ്റർ | – | പി. ജാഫർ |
| അംഗങ്ങൾ | – | എസ്. ആര്യദേവൻ |
| | | വി. ശശിധരൻ നായർ |
| | | എൽ. ക്രിസ്തുദാസ് |
| | | എ. ലളിതാംബിക |
| | | സി.പി. പ്രേംകുമാർ |
| | | എൻ. വിദ്യാധരൻ |
| | | ഡി. ബാബു |
| | | വി. വിജയൻ |



ഇ.എം. എസ് നമ്പൂതിരിപ്പാട്
ചെയർമാൻ
ഉന്നതതലമാർഗ്ഗ നിർദ്ദേശകസമിതി
ജനകീയ ആസൂത്രണ പ്രസ്ഥാനം


ജാതിയുടെയും മതസമുദായത്തിന്റെയും രാഷ്ട്രീയ പാർട്ടിയുടെയും പേരിൽ ഭിന്നിച്ചു നിൽക്കുന്ന കേരള ജനതയ്ക്ക് വികസനത്തിന്റെ കാര്യത്തിൽ ഒന്നിക്കാൻ കഴിയുമെന്ന് ജനകീയ ആസൂത്രണത്തിന്റെ അനുഭവം തെളിയിച്ചിരിക്കുന്നു. യോജിച്ചപ്രവർത്തനത്തിന്റെ മേഖല വികസിപ്പിക്കാനുള്ള സാദ്ധ്യത വളർന്നു വരികയാണെന്നർത്ഥം. അതു തികച്ചും ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവരെല്ലാം ശ്രമിക്കുമെന്നാണ് എന്റെ ആഗ്രഹം.

## ഉള്ളടക്കം


1. ആമുഖം
2. പൂവാർ പഞ്ചായത്ത് പൊതുവിവരങ്ങളും സാമൂഹ്യചരിത്രവും
3. ഭൂപ്രകൃതി, ജലപ്രകൃതി

4, 1. കൃഷിയും ജലസേചനവും
4, 2. മൃഗസംരക്ഷണവും ക്ഷീരവികസനവും മത്സ്യബന്ധനവും
4, 3. വിദ്യാഭ്യാസം
4, 4. കുടിവെള്ളവും പൊതുജനാരോഗ്യവും
4, 5. വ്യവസായവും ടൂറിസവും
4, 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
4, 7. പാർപ്പിടവും സാമൂഹ്യക്ഷേമവും
4, 8. സംസ്ക്കാരം
4, 9. വനിത
4, 10. സഹകരണം
4, 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
4, 12. വിഭവസമാഹരണം
4, 13. പരിസ്ഥിതി

# പൂവാർ പഞ്ചായത്ത്



IX
VIII
I
II
III
IV
V
VI
VII
YMCA
റോഡുകൾ
നെയ്യാർ കനാൽ
AVM കനാൽ
പാലം
വാർഡ് അതിര്
1 ആശുപത്രി
2 KSRTC
5 സ്കൂളുകൾ
7 ഗ്രന്ഥശാല
16 ഇലക്ട്രിസിറ്റി ഓഫീസ്
പൂവാർ ജംഗ്ഷൻ
പാറശ്ശാല റോഡ്
തെക്ക് അറബിക്കടൽ

## ഭരണസമിതി

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.പി. രവീന്ദ്രൻ |
| വൈസ് പ്രസിഡന്റ് | ശ്രീ.എസ്. ആര്യദേവൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. സി. ശശിധരൻ നായർ |
| മെമ്പർ | ശ്രീ. പി.കെ. സാംദേവ് |
| മെമ്പർ | ശ്രീ. പി. ജാഫർ |
| മെമ്പർ | ശ്രീ. എൽ. ക്രിസ്തുദാസ് |
| മെമ്പർ | ശ്രീമതി. ജെ. സരോജിനി |
| മെമ്പർ | ശ്രീമതി. ബാപ്റ്റിസ്റ്റാപ്രോസ്പർ |
| മെമ്പർ | ശ്രീമതി. ജെ. ഉഷാദേവി |

# I. ആമുഖം

ദേശീയ ആസൂത്രണത്തിൽ നിന്നും വ്യത്യസ്ഥമായിട്ടാണ് കേരളത്തിൽ ഒൻപതാം പദ്ധതി രൂപീകൃതമാകുന്നത്. ഈ പദ്ധതിയിൽ ജനകീയ ആസൂത്രണത്തിനു പ്രാധാന്യം നൽകിയിരിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വിവിധ ലക്ഷ്യങ്ങളിലൊന്ന് ഗ്രാമങ്ങളിലും നഗരങ്ങളിലും ഉള്ള പാവപ്പെട്ട ജനങ്ങളെ വികസനപ്രകൃയയിൽ പങ്കാളികളാക്കുക എന്നുള്ളതാണ്. മുൻകാലങ്ങളിൽ ആസൂത്രണം മുകളിൽ നിന്നും താഴെ തട്ടിലേക്കാണ് വന്നിരുന്നെങ്കിൽ ഇപ്പോൾ ആസൂത്രണം താഴെത്തട്ടിൽ നിന്നും ആരംഭിക്കുകയാണ്. സ്വന്തം ഗ്രാമത്തിന്റേയും നാടിന്റേയും മുഖച്ഛായ മാറ്റുവാൻ ജനകീയ ആസൂത്രണത്തിലൂടെ സാധിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

കൃഷിയും വ്യവസായവും അടങ്ങുന്ന ഉല്പാദനമേഖലയ്ക്കാണ് ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നത്. സമസ്ഥവിഭാഗം ജനങ്ങളെയും കൂട്ടി യോജിപ്പിച്ച് ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള ഗ്രാമസഭകൾ ജൂൺ 26ന് ഈ പഞ്ചായത്തിൽ ആരംഭം കുറിച്ചു. തുടർന്ന് ജനകീയ ആസൂത്രണത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് വിശേഷാൽ ഗ്രാമസഭകൾ 28.9.96-ൽ ആരംഭിച്ചു. 16.10.96 ൽ പര്യവസാനിച്ചു.

വിശേഷാൽ ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ഒട്ടനവധി പ്രശ്നങ്ങൾ രണ്ടാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞാൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

## സ്റ്റാഫ് അംഗങ്ങൾ

ശ്രീമതി. എ. ലളിതാംബിക , സെക്രട്ടറി

ശ്രീമതി കെ. മേരി, ഹെഡ്ക്ലാർക്ക്

ശ്രീ. സി.പി. പ്രേംകുമാർ യു.ഡി. ക്ലാർക്ക്

ശ്രീ. എൻ. വിദ്യാധരൻ യു.ഡി. ക്ലാർക്ക്

ശ്രീമതി ജെ. സരളമ്മ യു.ഡി. ക്ലാർക്ക്

ശ്രീ. എസ്, ബേബിജോൺ എൽ.ഡി. ക്ലാർക്ക്

ശ്രീമതി. എൻ. നസീമ എൽ.ഡി. ക്ലാർക്ക്

ശ്രീ. വി. താണുപിള്ള പ്യൂൺ

ശ്രീമതി. എസ്. ശകുന്തള പ്യൂൺ

ശ്രീ. ജി. വിൻസന്റ് വാട്ടർ മീറ്റർ റീഡർ

ശ്രീമതി. എൻ. ബീവി പാർട്ട് ടൈം സ്വീപ്പർ

ശ്രീമതി. കെ. രാധ പാർട്ട് ടൈം നഴ്സറി ടീച്ചർ

ശ്രീമതി. ആനി പാർട്ട് ടൈം ആയ

ശ്രീ. എൻ. നാരായണൻ ലൈബ്രേറിയൻ (കരാർവ്യവസ്ഥ)

# വിശേഷാൽ ഗ്രാമസഭകൾ ഒറ്റനോട്ടത്തിൽ

| നമ്പർ | വാർഡിന്റെ പേര് | വിശേഷാൽ ഗ്രാമസഭകൂടിയ തീയതി | പങ്കാളിത്തം | | | വിഷയ ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| I. | അരുമാനൂർ | 16.10.96 | 50 | 24 | 74 | 4 |
| II. | കഞ്ചാംപഴഞ്ഞി | 29.9.96 | 123 | 22 | 145 | 4 |
| III. | പൂവാർ | 1.10.96 | 69 | 14 | 83 | 4 |
| IV. | പൂവാർ ടൗൺ | 29.9.96 | 43 | 63 | 106 | 4 |
| V. | ബീച്ച് | 30.9.96 | 52 | 41 | 93 | 4 |
| VI. | റ്റി.ബി. | 2.10.96 | 76 | 72 | 148 | 4 |
| VII. | കല്ലിംഗവിളാകം | 5.10.96 | 100 | 150 | 250 | 6 |
| VIII. | ശൂലംകുടി | 2.10.96 | 50 | 45 | 95 | 4 |
| IX. | പരണിയം | 28.9.96 | 56 | 50 | 106 | 4 |

## 2. പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| 1. | പഞ്ചായത്തിന്റെ പേരും ഗ്രേഡും | പൂവാർ ഗ്രാമപഞ്ചായത്ത് ഒന്നാം ഗ്രേഡ് |
| 2. | ഉൾപ്പെടുന്ന വില്ലേജുകൾ | തിരുപുറം |
| 3. | ബ്ലോക്കുപഞ്ചായത്തുമണ്ഡലങ്ങൾ | പൂവാർ, കുളത്തൂർ |
| 4. | ബ്ലോക്ക് പഞ്ചായത്ത് | പാറശ്ശാല |
| 5. | താലൂക്ക് | നെയ്യാറ്റിൻകര |
| 6. | ജില്ലാപഞ്ചായത്തുമണ്ഡലം | ചെങ്കൽ |
| 7. | അസംബ്ളി മണ്ഡലം | കോവളം |
| 8. | പാർലമെന്റു മണ്ഡലം | തിരുവനന്തപുരം |

9. അതിരുകൾ

പടിഞ്ഞാറ് : കരുംകുളം പഞ്ചായത്ത് അതിർത്തി

കിഴക്ക് നെയ്യാർ

വടക്ക് തിരുപുറം പഞ്ചായത്ത്

തെക്ക് അറബിക്കടൽ

10. ജനസംഖ്യ 19777

11. വാർഡുകൾ 9

## പൂവാർ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

| നമ്പർ | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | വാടകകെട്ടിടത്തിൽ | 1. പുതിയതായി ആവശ്യമുള്ളവ |
|---|---|---|---|
| 1. | കൃഷിഭവൻ | 1. സബ് രജസ്ട്രാർ ഓഫീസ് | 1. വില്ലേജ് ഓഫീസ് |
| 2. | മൃഗാശുപത്രി | 2. വിദ്യുച്ഛക്തി ഓഫീസ് | 2. KSRTC ബസ് സ്റ്റാൻഡ് (വിപുലീകരണം) |
| 3. | പൂവാർ ഹൈസ്ക്കൂൾ | 3. ടെലഫോൺ എക്സ്ചേഞ്ച് | 3. പബ്ളിക്ക് മാർക്കറ്റ് |
| 4. | പോലീസ് സ്റ്റേഷൻ | 4. ഹോമിയോ ആശുപത്രി | 4. സബ്ട്രഷറി |
| 5. | പഞ്ചായത്താഫീസ് | 5. മത്സ്യതൊഴിലാളിക്ഷേമ നിധി ഓഫീസ് | 5. ആയുർവ്വേദ ആശുപത്രി |
| 6 | വി.ഇ.ഒ. ഓഫീസ് | | |
| 7. | സി.എച്ച്.സി. പൂവാർ | | |
| 3. | പോസ്റ്റാഫീസ് | | |
| ). | എസ്.എൻ.എസ്. ഗ്രന്ഥശാല (പഞ്ചായത്ത്) | | |
| 0. | കെ.എസ്.ആർ.ടി.സി. ഡിപ്പോ | | |

പൂവാർ പഞ്ചായത്തിൽ സർക്കാർ ഫീസുകളിൽ സ്വന്തമായി കെട്ടിടമുള്ളവയും, ാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ലവിൽ ഇല്ലാത്ത ഓഫീസുകളുടെയും പട്ടിക ൽചേർത്തിട്ടുണ്ട്. വാടക കെട്ടിടത്തിൽ വർത്തിക്കുന്നതും ഇല്ലാത്തതുമായ സർക്കാർ ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്താഫീസിനു മുകളിലുള്ളതും, പിന്നിലുള്ളതുമായ സ്ഥലത്തും, നിലവിൽ ടാക്സിസ്റ്റാന്റ് പ്രവർത്തിക്കുന്ന സ്ഥലത്തും ഓഫീസ് കോംപ്ലക്സുകൾ നിർമ്മിച്ചു പ്രശ്നം പരിഹരിക്കാവുന്നതാണ്.

## ചരിത്രപശ്ചാത്തലം

ചരിത്രത്തിന്റെ നിറചാർത്തുമായി കേരളക്കരയുടെ തെക്കേ അറ്റത്തെ കൊച്ചുഗ്രാമം, പോക്ക്മൂസാപുരം എന്നറിയപ്പെട്ടുകൊണ്ടിരുന്ന പൂവ്വാർ. പഴയതെക്കൻ തിരുവിതാംകൂറിന്റെ ചരിത്രവിഗതികൾക്ക് സാക്ഷ്യം വഹിച്ചതിൽ ചെറുതല്ലാത്ത പങ്കാണ് പൂവ്വാറിനുള്ളത്. പുതിയ തലമുറക്ക് അന്യമായ പൂവ്വാറിന്റെ ചരിത്രസംഭവങ്ങളറിയാൻ രണ്ടര നൂറ്റാണ്ട് പിന്നിലോട്ട് നടക്കണം.

എട്ടുവീട്ടിൽ പിള്ളമാരിൽ നിന്നും മാടമ്പിമാരിൽ നിന്നും പ്രാണരക്ഷാർത്ഥം മാർത്താണ്ഡവർമ്മ മഹാരാജാവ് ഓടി നടക്കുന്ന കാലം. ജീവൻ ഭയന്ന് പലായനം ചെയ്ത് നെയ്യാറിന്റെ തെക്കേ അറ്റമായ പോക്കുമൂസാപുരത്തെത്തി, ആ രാജകുമാരൻ. പ്രകൃതിഭംഗിയുടെ ലാളിത്യം കുമാരനെ ആകർഷിച്ചു. പ്രത്യേകിച്ച് ആറ്റിൻതീരത്ത് നിരനിരയായി ഉണ്ടായിരുന്ന "കോവളമരത്തിലെ" ചുവന്ന മനോഹരമായ പൂക്കൾ. ഈ പൂക്കൾ ആറ്റിലാകെ വീണ് ആറിന് ഒരു ചുവന്ന ജലഛായ നൽകിയിരുന്നു. ഇത് കണ്ട രാജകുമാരൻ അറിയാതെ പറഞ്ഞുപോയി "പൂ ആറാണല്ലോ" ഈ വിശേഷണമാണ് പിൽക്കാലത്ത് ഈ പ്രദേശത്തിന് "പൂവാറെന്ന്" പേരു വീഴാൻ കാരണമായത്.

പ്രാണനുംകൊണ്ട് എങ്ങോട്ടെന്നില്ലാതെ ഓടിയ രാജകുമാരന് ജീവൻ നിലനിറുത്താനായത് പൂവ്വാറിലെ കല്ലറയ്ക്കൽ തറവാട് അഭയം നൽകിയത്കൊണ്ടാണ്.

വാണിജ്യ വ്യാപാര രംഗങ്ങളിൽ 18-ാം നൂറ്റാണ്ടിൽ ലോകമാർക്കറ്റുകളിൽപോലും ബന്ധങ്ങൾ ഉണ്ടായിരുന്ന പോക്കുമൂസാ മുതലാളിയുടേതായിരുന്നു, പൂവ്വാറിലെ കല്ലറയ്ക്കൽ തറവാട്. ശേഷം സ്വാതന്ത്ര്യലബ്ധിവരെ തിരുവിതാംകൂർ രാജകുടുംബവും പൂവ്വാർകല്ലറയ്ക്കൽ തറവാടും തമ്മിൽ ഇഴപിരിയാത്ത ബന്ധമുണ്ടായിരുന്നു.

കായംകുളം യുദ്ധവും, കുളച്ചൽയുദ്ധവും തിരുവിതാംകൂർ ഭരണാധികാരി ജയിച്ചതിൽ കപ്പൽപടയും യോദ്ധാക്കളും സ്വന്തമായുണ്ടായിരുന്ന പോക്കുമൂസാ മുതലാളിക്ക് വലിയ പങ്കുണ്ടായിരുന്നു. പാരിതോഷികമായി കായം കുളം കമ്പോളവും, പട്ടണംദേശത്ത് കല്ലറയ്ക്കൽവിളാകം എന്ന പുരയിടവും പോക്ക് മൂസാമുതലാളിക്ക് കരമൊഴിവാക്കി കൊട്ടാരത്തിൽ നിന്നും നല്കിയിരുന്നു.

രാജാകേശവദാസ് കുടുംബവഴക്കിനെ തുടർന്ന് അലഞ്ഞുനടന്ന് വന്നെത്തിയത് പൂവ്വാർ പോക്ക്മൂസാ മുതലാളിയുടെ അടുത്താണ്. മുതലാളിക്ക് വേണ്ടപ്പെട്ട വരിലൊരാളായി മാറി ദരിദ്രബാലനായ കേശവൻ. ഒരിയ്ക്കൽ ബാലനെയും കൂട്ടി കൊട്ടാരത്തിലെത്തിയ പോക്കമൂസ വളരെ

വൈകി തിരിച്ചിറങ്ങിയപ്പോൾ കേശവന്റെ കാര്യം മറന്നു പോയി. ഇതിന് മുൻപ് കേശവൻ കൊട്ടാരത്തിന്റെ ഒരു മൂലയിൽ കിടന്നുറങ്ങിപ്പോയി. അടുത്ത പ്രഭാതത്തിൽ മഹാരാജാവിന് കണി നഗ്നയായുറങ്ങുന്ന കേശവപിള്ളയായിരുന്നു. ദുശ്ശകുനമായി കണ്ട രാജാവ് ബാലനെ തുറുങ്കിലടച്ചു. ഭക്ഷ്യക്ഷാമമുണ്ടായിരുന്ന അന്ന് ദുർലഭസാധനങ്ങളുമായി ഒരു കപ്പൽ ശംഖുംമുഖം തീരത്തെത്തി. തുടർന്ന് കണിഫലം ശുഭോദാർഹമായി കണ്ടരാജാവ് കേശവനെ മോചിപ്പിക്കുകയും കൊട്ടാരത്തിൽ ജോലികൊടുക്കുകയും ചെയ്തു. പടിപടിയായി ഉയർച്ച ലഭിച്ച കേശവൻ, രാജാകേശവദാസെന്ന വലിയ ദിവാൻജിയായി.

കുളച്ചൽ മുതൽ കൊച്ചിവരെ നൂറ്റാണ്ടുകൾക്ക് മുമ്പുണ്ടായിരുന്ന ജലപാത പൂവ്വാറിലൂടെയാണ് കടന്നുപോയത്. ഇന്നു നാം കാണുന്ന പൂവ്വാർ വിഴിഞ്ഞം റോഡിന് തൊട്ട് തെക്ക് വശത്ത് ജലപാത യുണ്ടായിരുന്നുവെന്നാണ് ഐതിഹ്യം.

അക്കാലത്ത് തെക്കൻ തിരുവിതാംകൂറിലെ ഒരു പ്രധാന വ്യാപാരകേന്ദ്രം ആയിരുന്നു പൂവ്വാർ.

ഇന്ന് നാം കാണുന്ന പൂവ്വാർ സ്ക്കൂളുകൾ, പോലീസ് സ്റ്റേഷൻ, പഞ്ചായത്താഫീസ്, സാമൂഹിക ആരോഗ്യകേന്ദ്രം ഇവയൊക്കെ സ്ഥിതി ചെയ്യുന്നത് പൂവ്വാറിലെ പീരുമുഹമ്മദ് എന്ന മഹാമനസ്ക്കൻ സംഭാവന ചെയ്ത സ്ഥലത്താണ്.

1969 ന് മുൻപ് പൂവ്വാർ പഞ്ചായത്ത് തിരുപുറം പഞ്ചായത്തിന്റെ ഭാഗമായിരുന്നു. തിരുപുറം പഞ്ചായത്തിലും, പൂവ്വാർ പഞ്ചായത്തിലും അംഗമായിരുന്ന ശ്രീമതി. സരോജിനി ഇന്നും പൂവ്വാർ ഗ്രാമപഞ്ചായത്ത് മെമ്പറാണ്.

കാലഘട്ടത്തിന്റെ കുത്തൊഴുക്കിലും മങ്ങാതെമായാതെ നിലകൊള്ളുന്ന ചരിത്രാവബോധമാണ് നാം ഇവിടെ കാണുക.

## പൊതു വിവരം

25.9.1969 ൽ പൂവ്വാർ പഞ്ചായത്തു നിലവിൽ വന്നു. തിരുപുറം പഞ്ചായത്തിൽ നിന്നും ചിലപ്രദേശങ്ങൾ പേർപെടുത്തിയാണ് പൂവ്വാർ പഞ്ചായത്ത് രൂപീകരിച്ചത്. ഈ പഞ്ചായത്തിന് 7.34 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവും 19777 ജനസംഖ്യയും 9 വാർഡുകളും നിലവിലുണ്ട്. തിരുപുറം വില്ലേജിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത്. മത്സ്യതൊഴിലാളികളും പട്ടികജാതിക്കാരും, പിന്നോക്കക്കാരും മറ്റു വിഭാഗങ്ങളും ഉൾപ്പെട്ടതാണ് പൂവ്വാർ പഞ്ചായത്ത്. സ്വാതന്ത്ര്യം കിട്ടി 50 വർഷം പൂർത്തിയാകാൻ

പോകുന്ന ഈ സന്ദർഭത്തിൽപോലും കുടിവെള്ളം, ഗതാഗതം, വൈദ്യുതി, ആരോഗ്യം തൊഴിലില്ലായ്മ തുടങ്ങിയ ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾക്കുപോലും പരിഹാരം കാണുവാൻ കഴിഞ്ഞിട്ടില്ല.

25.9.1969 മുതൽ 27.9.1979 വരെ നിലവിലിരുന്ന ഒന്നാമതു ഭരണസമിതി

I. K.G. സുധാകരൻ - പ്രസിഡന്റ്

പി. മാധവൻ
എസ്. എം. നൂഹു
എം. കൃഷ്ണപിള്ള
ടി.എൻ. വാമദേവൻ ആശാരി
ബി. മാർക്കോസ്
എൻ.എസ്. ഹമീദ്
ജെ. സരോജിനി
— കമ്മറ്റി അംഗങ്ങൾ

II. 28.9.1979 മുതൽ 19.10.1984 വരെ നിലവിലിരുന്ന രണ്ടാമതു ഭരണസമിതി

പി.എം. ഹനീഫ - പ്രസിഡന്റ്
പി.കെ. സാം ദേവ് - വൈസ് പ്രസിഡന്റ്

എസ്. ജോർജ്
എൽ. കോലപ്പൻ
കെ. ശരത്ചന്ദ്രൻ
സി.എം. കുഞ്ഞുമൂസാകുഞ്ഞ്
എൽ. ചന്ദ്രഭാനു
ആർ. കുമാരി
— കമ്മറ്റി അംഗങ്ങൾ

III. 20.10.1984 മുതൽ 5.2.1988 വരെ താലൂക്കു പഞ്ചായത്താഫീസർ

IV. 6.2.1988 മുതൽ 7.2.1990 വരെ

പ്രസിഡന്റ്

ശ്രീ.കെ. സദാനന്ദൻ

6.2.1988 മുതൽ 26.2.1990 വരെ

വൈസ് പ്രസിഡന്റ്

ജെ. രാജേന്ദ്രൻ

13.2.90 മുതൽ 25.9.95 വരെ

പി.എം. ഹനീഫ പ്രസിഡന്റ്

12.3.90 മുതൽ 25.9.95 വരെ

സി. ശശിധരൻ ആശാരി വൈസ് പ്രസിഡന്റ്

മെമ്പറൻമാർ 20.10.1984 മുതൽ 25.9.95 വരെ

എൻ. ആർ. സോമൻ
എം. ഷാഹുൽഹമീദ്
എ. അന്തോണിയപ്പൻ
ജെ. സരോജിനി
കെ. മരിയതങ്കം

4.10.1995 മുതൽ നിലവിലിള്ള പഞ്ചായത്തു കമ്മറ്റി

| | | |
|---|---|---|
| പി. രവീന്ദ്രൻ | - | പ്രസിഡന്റ് |
| എസ്. ആര്യദേവൻ | - | വൈസ് പ്രസിഡന്റ് |
| വി. ശശിധരൻ നായൻ | - | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ |
| പി.കെ. സാം ദേവ് | | മെമ്പറൻമാർ |
| എൽ. ക്രിസ്തുദാസൻ | | മെമ്പറൻമാർ |
| പി. ജാഫർ | | മെമ്പറൻമാർ |
| ജെ. സരോജിനി | | മെമ്പറൻമാർ |
| ബാപ്റ്റിസ്റ്റാപ്രോസ്പർ | | മെമ്പറൻമാർ |
| ജെ. ഉഷാദേവി | | മെമ്പറൻമാർ |

## 3. ഭൂപ്രകൃതി

തെക്ക് അറബിക്കടലും വടക്കു വയലേലകളും തെങ്ങിൻതോപ്പുകളും, കിഴക്കു നെയ്യാറും, പടിഞ്ഞാറ് ചരിവിൻ പ്രദേശങ്ങളുമായി ചുറ്റപ്പെട്ടു കിടക്കുന്ന പ്രകൃതി സുന്ദരമായ 7.34 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ളതാണ് പൂവ്വാർ പഞ്ചായത്ത്.

കൃഷിഭൂമി സംപുഷ്ടമാക്കുന്നതിന് ആവശ്യമായ ജലം ഈ പഞ്ചായത്ത് അതൃത്തിയിൽ തന്നെ ലഭ്യമാണ്. അതു യഥാവിധി കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള സംവിധാനങ്ങൾ നിലവിലില്ല. ഉണങ്ങിവരണ്ട പരണിയം - പാഞ്ചിക്കാല ഈസ്റ്റ് ബ്രാഞ്ച് ചാനലും നെയ്യാറിന്റെ സമീപപ്രദേശത്ത് വന്നു നിൽക്കുന്നു.

## 4.1 കൃഷിയും

തെങ്ങ്, നെല്ല്, വാഴ, മരിച്ചീനി, വെറ്റിലക്കെ പഞ്ചായത്തിലെ പ്രധാന കൃഷിയിനങ്ങൾ. വെള്ളത്ത തരിശുഭൂമിയായി അവശേഷിക്കുന്നു. നിലവിലുള്ള കൃഷി സ്ഥലങ്ങളിൽ എത്തിക്കാൻ കഴിഞ്ഞാൽ അനുയോജ്യമാണ് ഈ പ്രദേശത്തെ മണ്ണ്.

### തെങ്ങ്

തീരദേശം ഉൾപ്പെടെ എല്ലാ സ്ഥലങ്ങളിലും തെങ്ങ് ധാരാളമായി കൃഷിചെയ്തു വരുന്നു. തെങ്ങു കൃഷിയില്ലാത്ത വീടുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല.

### നെല്ല്

ഉപ്പുവെള്ളം കാരണം ഈ പഞ്ചായത്ത നെൽകൃഷി ഇപ്പോൾ നെൽകൃഷി സ്ഥലങ്ങളിൽ യഥാസമയം വെള്ള ിക്കാൻ കഴിഞ്ഞാൽ രണ്ടും മൂന്നും പൂ കൃഷികൾ നടത്താൻ കഴിയും. ഈ പഞ്ചായത്തിലെ വടക്കൻ പ്രദേശങ്ങളിലുള്ള നെൽകൃഷിയിടങ്ങളിൽ, പയർ,ചീനി,വാഴ, പച്ചക്കറികൾ തുടങ്ങിയ ഇട വിളകൾ കൃഷി ചെയ്തു കാണുന്നു.

### കുടുംബങ്ങളുടെ എണ്ണവും കൈവശഭൂമിയുടെ വിസ്തീർണ്ണവും

| 1–10 സെന്റ് | 10–25 സെന്റ് | 25–50 സെന്റ് | 50–100 സെന്റ് | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കറിനു മുകളിൽ |
|---|---|---|---|---|---|---|
| 750 | 1000 | 2500 | 2100 | 450 | 150 | ഇല്ല |

വെള്ളം ഒഴുകാത്ത കാക്കറ മുട്ടയാറും കർഷകർക്ക് ഇന്നും ഒരു ശാപമായി നിലനില്ക്കുന്നു.

[

കേരളത്തേയും തമിഴ്നാടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പൂവ്വാർ പാലവും, കോവളത്തും, കന്യാകുമാരിയിലും വന്നു ചേരുന്ന വിദേശികളെ ആകർഷിക്കുന്ന നെയ്യാറും, അറബിക്കടലും, ഒത്തുചേരുന്ന പൊഴിക്കരയും ഈ പഞ്ചായത്തിലാണ്.

## പൂവാർ പഞ്ചായത്ത് വിളവിസ്തീർണ്ണം സംബന്ധിച്ച അടിസ്ഥാന വിവര രജിസ്റ്റർ

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് ഒന്നാംവിള | 47 ഹെക്ടർ | 117500 KG | 2500 KG |
| നെല്ല് രണ്ടാംവിള | 47 ഹെക്ടർ | 117500 KG | 2500 KG |
| പയർ | 10 ഹെക്ടർ | 500 KG | 500 KG |
| പച്ചക്കറികൾ | 5 ഹെക്ടർ | 10 MT | 2 MT |
| തെങ്ങ് | 385 ഹെക്ടർ | 3080000 Nos | 8000 Nos |
| വാഴ | 35 ഹെക്ടർ | 45000 KG | 12000 KG |
| കുരുമുളക് | 2 ഹെക്ടർ | 1800 KG | 540 KG |

## ജലസേചനസംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു കിണർ | ജലസേചന | കുഴൽകിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|---|
| 1 | 2 | | 3 | 4 | 5 | 6 |
| I | | | | 1 | | |
| II | | | | | | |
| III | | | | | | |
| IV | | NIL | | | | |
| V | | | | | | |
| VI | | | | | | |
| VII | | | | 2 | | |
| VIII | | | | 3 | | |
| X | | | | 1 | | |

# വളത്തിന്റെ പ്രയോഗം

| സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994 – 95 | | | 1995 – 96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| സഹകരണ മേഖല | KG | ദ്രവം | ഖരം | 6 KG | ദ്രവം | ഖരം | KG | ദ്രവം | ഖരം |
| | 29 MT | ഇല്ല | 60 KG | 35 MT | ഇല്ല | 80 KG | 40 MT | ഇല്ല | 110KG |

# കൃഷിഭൂമി ഭൂവിഷ്ടമാക്കുന്നതിന് സ്വീകരിക്കേണ്ട പരിഹാരമാർഗ്ഗങ്ങൾ

1. അരുമാനൂർ – തോട്ട്വരമ്പ്, കൈപ്പൂരി ഒറ്റത്തോട്, സൈഡുവാൾ കെട്ടി അടി ഭ്രോൺക്രീറ്റു ചെയ്തു വെള്ളം കൃഷിയിടങ്ങളിൽ കൊണ്ടുപോകുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുക.

2. ഉപ്പുവെള്ളം തടയുന്നതിന് ശൂലംകുടി – പട്ടത്ത് നടയും കല്ലംപൊറ്റയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ബണ്ട് നിർമ്മിക്കുക.

3. പരപ്പൻകുളം – കൈപ്പൂരിതോടും സൈഡ് വാൾ കെട്ടി അടിഭാഗം കോൺക്രീറ്റു ചെയ്തു വെള്ളം കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

4. കല്ലിംഗവിളാകം – പോസ്റ്റാഫീസ് നടതോട് ആവശ്യമായ ഭാഗം സൈഡ്വാൾ കെട്ടി തോട് കോരി വൃത്തിയാക്കി നെയ്യാറുമായി ബന്ധിപ്പിക്കുക.

5. കാക്കറ – മുട്ടയാർ കുഞ്ചതോട് തെളിച്ച് നെയ്യാറിലെ കൈചാലുമായി യോജിപ്പിക്കുക.

6. കൈപ്പൂരി – പോസ്റ്റാഫീസ് നടതോട് വീതികൂട്ടി കൃഷിക്കു ഉപയോഗപ്രദമാക്കുക.

7. പനച്ചിമുട്ടുകുളം – തത്തമ്മക്കുളം, താമരക്കുളം എന്നിവയിലെ കൈചാലുകൾ വീതികൂട്ടി സൈഡ് വാൾ കെട്ടി അടിത്തട്ട് കോൺക്രീറ്റ് ചെയ്തു കൃഷിക്കു ഉപയോഗപ്രദമാക്കുക.

8. അരുമാനൂർ – പൂവാർ റോഡിൽ കൈപ്പൂരിയിലെ രണ്ടു കലുങ്കുകളും ഉപ്പുവെള്ളം കയറാതെ അടി കോൺക്രീറ്റുചെയ്തു 2 മീറ്റർ ഉയർത്തുക.

9. പാഞ്ചിക്കാല, ചെക്കടി, കല്ലിംഗവിളാകം

കുഴിഞ്ഞാംവിള, കല്ലിംഗവിളാകം-വരിപ്ലാവ്, കൊട്ടറക്കുന്ന്, കുട്ടവിള, കുന്നുവിള, പ്ലാങ്കാല, കഞ്ചാംപഴിഞ്ഞി, കുരയ്ക്കാമൂല, അരുമാനൂർ, കല്ലുവിള, മണ്ണാംവിളാകം, തുടങ്ങിയ സ്ഥലങ്ങളിൽ നിലനില്ക്കുന്ന കുളങ്ങളിൽ നിന്നും പമ്പു സെറ്റു സ്ഥാപിച്ചു പൈപ്പുലൈൻ നീട്ടി ട്രിപ്പ് ഇറിഗേഷൻ നടപ്പാക്കുക.

10. പൂവാർ പഞ്ചായത്തു 2-ാം വാർഡിൽ കാക്കറ ഏലായിൽ ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിനായി ഒരു ബണ്ടു സ്ഥാപിക്കുക.

11. പനയം മണ്ണടി ഏലായിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ കുന്നുമല ആയിരംതൈ ബണ്ട് നിർമ്മിക്കണം.

12. പനച്ചിമൂട്ടുകുളം മുതൽ കൈപ്പൂരിവരെയുള്ള അടയാണി സൈഡ് വാൾ കെട്ടുക.

## 4.2 മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം

9 വാർഡുകളുള്ള പൂവാർ ഗ്രാമപഞ്ചായത്തിൽ കാർഷികവൃത്തിയെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികളും ചെറുകിട കർഷകരുമാണ് കൂടുതൽ. കൃഷിക്കും കന്നുകാലിവളർത്തലിനും യോജിച്ച ഭൂപ്രകൃതിയും ജലസേചനസൗകര്യവും ഇവിടെയുണ്ട്. മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും നമ്മുടെ സമ്പദ്ഘടനയെ സംപുഷ്ടമാക്കും. ഈ പഞ്ചായത്തിലെ മൃഗാശുപത്രിയും ICDP സബ് സെന്ററും അരുമാനൂരിലാണ് പ്രവർത്തിക്കുന്നത്.

1995 ൽ ലൈവുസ്റ്റോക്കു സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 300 കറവപ്പശുക്കളും 80 എരുമകളും 250 ആടുകളും (കറവയുള്ളത്) ഉണ്ട്. ഇറച്ചിക്കോഴി വളർത്തൽ ഒരു ഉപതൊഴിലായി ചെയ്യുന്നവരും ഈ പഞ്ചായത്തിലുണ്ട്. പാലിന്റെ വിപണനം കൂടുതലും സൊസൈറ്റികൾ വഴിയാണ് നടക്കുന്നത്. കന്നുകാലിവളർത്തൽ പ്രധാനതൊഴിലായി എല്ലാവരും സ്വീകരിച്ചു കാണുന്നില്ല.

<u>മൃഗസംരക്ഷണമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

1. തീറ്റയുടെ ദൗർലഭ്യവും കൂടിയ വിലയും
2. വർദ്ധിച്ച ചികിത്സാചെലവും പാലിന്റെ വിലക്കുറവും
3. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ ചികിത്സ
4. മൃഗാശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
5. കന്നുകാലികളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയുടെ അപര്യാപ്തത.
6. കാലാകാലങ്ങളിൽ ഉള്ള സബ്സിഡി വർദ്ധനയുടെ അപര്യാപ്തത.
7. പ്രത്യേക കന്നുകുട്ടി,പരിശീലന പരിപാടി,എല്ലാസങ്കര ഇനം പശു, എരുമ കുട്ടികൾക്കും ലഭിക്കുന്നില്ല.
8. അലഞ്ഞുതിരിയുന്ന നായ്ക്കൾ
9. കാലിരോഗങ്ങൾ

## പരിഹാരമാർഗ്ഗങ്ങൾ

1. ആശുപത്രിയുടെ ജീർണ്ണിച്ച കെട്ടിടംമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുക.

2. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ സമാഹരിച്ചു തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

3. തീറ്റപ്പുൽകൃഷി വ്യാപകമാക്കുക.

4. മൃഗാശുപത്രികളിൽ ആവശ്യം വേണ്ടുന്ന സൗകര്യങ്ങളും മരുന്നും ലഭ്യമാക്കുക.

5. പ്രത്യേക കന്നുകുട്ടി പരിശീലനപരിപാടി എല്ലാ കന്നുകുട്ടികൾക്കും ലഭ്യമാക്കുക.

6. പേവിഷനിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

7. കന്നുകാലികളുടെ വിലയ്ക്ക് തുല്യമായ തുക ബാങ്ക് വായ്പയായി നൽകുക.

8. പശുക്കൾക്കുണ്ടാകുന്ന അസുഖങ്ങൾക്ക് കൃത്യസമയത്തുതന്നെ ചികിത്സ ലഭ്യമാക്കുക.

## ക്ഷീരം

19777 ജനസംഖ്യയുള്ള പൂവ്വാർ ഗ്രാമപഞ്ചായത്തിൽ മുഴുവൻ ആളുകളുടെയും ആവശ്യത്തിന് 10000 ലിറ്റർ പാൽ വേണ്ടിടത്ത് 667 ലിറ്റർ പാലാണ് ഉല്പാദിപ്പിക്കുന്നത്. ചെറുകിട കർഷകർ ധാരാളമുള്ള പൂവ്വാർ പഞ്ചായത്തിൽ പരിമിതമായ കർഷകർ മാത്രമേ ക്ഷീരവ്യവസായ രംഗത്തു പ്രവർത്തിച്ചുകാണുന്നുള്ളു.

പാൽ ഉല്പാദനവും ഉപഭോഗവും വിതരണവുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 3 ക്ഷീര വ്യവസായ സഹകരണസംഘങ്ങളാണുള്ളത്. 9 വാർഡുകളുള്ള പൂവ്വാർ ഗ്രാമപഞ്ചായത്തിൽ ഓരോ വാർഡിലും ഓരോ ക്ഷീരസംഘങ്ങൾ സ്ഥാപിച്ചു നിലവിലുള്ള ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്കും ശാസ്ത്രീയമായ പഠനം നൽകേണ്ടതാണ്.

<u>പഞ്ചായത്തിലെ ക്ഷീര ഉല്പാദക സംഘങ്ങളും പാലിന്റെ കണക്കും.</u>


| സംഘത്തിന്റെ പേര് | 1 ദിവസത്തെ ശരാശരി ലഭ്യത |
|---|---|
| കല്ലിംഗവിളാകം ക്ഷീരോല്പാദക സഹകരണസംഘം | 500 ലിറ്റർ |
| എലിപ്പല്ലി ക്ഷീരോല്പാദക സഹകരണസംഘം | 102 ലിറ്റർ |
| പൂവ്വാർ ക്ഷീരവ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 65 ലിറ്റർ |
| ആകെ | 667 ലിറ്റർ |

## മത്സ്യബന്ധനം ×

പൂവ്വാർ ഗ്രാമപഞ്ചായത്തിൽ 2 വാർഡുകളിലെ തീരദേശപ്രദേശങ്ങളിൽ പാർക്കുന്ന വിഭാഗമാണ് മത്സ്യതൊഴിലാളികൾ.


യന്ത്രവൽക്കൃത ബോട്ടുകളുടെ വരവോടുകൂടി പരമ്പരാഗത മത്സ്യ ബന്ധനമേഖല തകർന്നുകൊണ്ടിരിക്കുന്നു. പരമ്പരാഗത മത്സ്യബന്ധനരീതി ഇന്ന് അപൂർവ്വമായി മാത്രമേ കാണുന്നുള്ളു. യമഹ, സുസൂക്കി തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന മത്സ്യബന്ധനവും ആശ്വാസകരമല്ല. മാത്രവുമല്ല ട്രോളിംഗ് മുഖേന മത്സ്യസമ്പത്ത് നശിക്കുകയും ചെയ്യുന്നു. യന്ത്രവത്കൃത ബോട്ടുകളുമായി ആഴക്കടൽ മത്സ്യബന്ധനം നടത്തുമ്പോൾ അപകടമരണനിരക്ക് വർദ്ധിക്കുകയും ചെയ്യുന്നു.

കൃത്രിമ പാര് നിർമ്മിച്ച് കടലിൽ കരയോടടുത്ത സ്ഥലത്ത് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് തുശ്ചമായ മുടക്ക് മുതൽ കൊണ്ടുള്ള ഒരു പദ്ധതി ചിലയിടങ്ങളിൽ നടപ്പിലാക്കിവരുന്നു. കൃത്രിമമായി നിർമ്മിക്കുന്ന ഇത്തരം പാരുകൾ ഒരു പരിധിവരെ മത്സ്യക്കുഞ്ഞുങ്ങളെയും മുട്ടകളെയും അത്യുഗ്രമായ ഒഴുക്കിൽ നിന്നുംപോലും രക്ഷപ്പെടുത്തുമെന്നാണ് പഠനങ്ങൾ തെളിയിച്ചിരിക്കുന്നത്. മാത്രമല്ല വലിയ മത്സ്യങ്ങൾ ഈ പാരിന് സമീപമായി കൂട്ടംകൂടുകയും ചെയ്യും. കരയ്ക്ക് വളരെ അടുത്ത് ആയതുകാരണം സുഗമമായ മത്സ്യബന്ധനത്തിലൂടെ മത്സ്യബന്ധനരംഗത്ത് വൻകുതിച്ച് കയറ്റം നടത്തുവാൻ സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഉദ്ദേശം മൂന്ന് കിലോമീറ്റർ നീളത്തിലും 25 മീറ്റർ ആഴത്തിലും പാരുകൾ നിക്ഷേപിക്കുവാൻ അനുയോജ്യമായ ഭാഗം നമ്മുടെ തീരപ്രദേശത്തെ കടലിലുണ്ട്. പാര് നിക്ഷേപ പദ്ധതിക്ക് 20 ലക്ഷത്തോളം രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഇത്തരം പാരുകളിൽ വിദേശനാണ്യം നേടിത്തരുന്ന നിരവധി മത്സ്യങ്ങൾ അണയുകയും മുട്ടയിടുകയും ചെയ്യും. മാത്രവുമല്ല മുത്തുച്ചിപ്പികൾ, ശംഖ് വർഗ്ഗങ്ങൾ തുടങ്ങിയ അമൂല്യവസ്തുക്കളുടെ നിക്ഷേപകേന്ദ്രമായി മാറാനും സാദ്ധ്യതയുണ്ട്.




ɔ000 $M^2$ പ്രദേശത്ത് കൃത്രിമ പാര് നിക്ഷേപിക്കുന്ന രീതി

leal Artificial Reef Complex Design of 10000 $M^2$ Area




കൃത്രിമ പാര് നിക്ഷേപിക്കുവാൻ അനുയോജ്യമായ
പൂവാർ തീരപ്രദേശത്തെ പാറക്കെട്ടുകൾ ഉള്ള ഭാഗം

## 4.3. വിദ്യാഭ്യാസം

കേരള സംസ്ഥാനത്ത് വിദ്യാഭ്യാസ ത്ത് വന്നിട്ടുള്ള മാറ്റങ്ങളുമായി ച്ചുനോക്കുമ്പോൾ പൂവ്വാർ ഗ്രാമപഞ്ചായത്ത് ാഭ്യാസരംഗത്ത് വളരെ പിന്നിലാണ്. ാഴിലധിഷ്ഠിത വിദ്യാഭ്യാസം ിവത്രികമാക്കുക എന്ന സർക്കാരിന്റെ ടികൾ ഈ പഞ്ചായത്തിൽ പൂർണ്ണമായി ലഭിച്ചിട്ടില്ല. പൂവ്വാർ V.H.S.C യും അരുമാനൂർ M.V.H.S ഉം ആണ് രണ്ട് ഹൈസ്ക്കൂളുകൾ പൂവ്വാർ, അരുമാനൂർ, പട്ട്യക്കാല ഗവൺമെന്റ് പട്ട്യക്കാല ഗവൺമെന്റ് L.P.S കളും പൂവാർ എയ്ഞ്ചൽസ് L.P.S. (അൺഎയ്ഡഡു)മാണ് L.P. സ്ക്കൂളുകൾ

<u>പഞ്ചായത്തിലെ നിലവിലുള്ള സ്കൂളുകൾ</u>

1. ഗവൺമെന്റ് V.H.S.C പൂവാർ
2. ഗവൺമെന്റ് L.P.S പൂവാർ
3. ഗവൺമെന്റ് L.P.S അരുമാനൂർതുറ (താമരക്കുളം)
4. ഗവൺമെന്റ് L.P.S , അരുമാനൂർതുറ (പട്ട്യക്കാല)
5. M.V.H.Sഅരുമാനൂർ
6. എയ്ഞ്ചൽസ് L.P.S (അൺഎയ്ഡഡ്) പൂവാർ

# സ്കൂളിലെ പ്രശ്നങ്ങൾ

## 1. ഗവൺമെന്റ് V.H.S.C പൂവ്വാർ

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. കാലപ്പഴക്കം ചെന്നതും റിപ്പയർ ചെയ്തിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ | 1. റിപ്പയർചെയ്ത് ഉപയോഗപ്രദമാക്കേണ്ടതാണ്. |
| 2. കെട്ടിടങ്ങളുടെ അപര്യാപ്തത | 2. പുതിയ കെട്ടിടം നിർമ്മിച്ച് നൽകേണ്ടതാണ്. |
| 3. കളിസ്ഥലത്തിന്റെ കുറവ് | 3. മിനിസ്റ്റേഡിയം നിർമ്മിച്ച് നൽകേണ്ടതാണ്. |
| 4. ചുറ്റുമതിലിന്റെ അപര്യാപ്തത | 4. ചുറ്റുമതിൽ നിർമ്മിച്ച് നൽകേണ്ടതാണ്. |
| 5. കഞ്ഞിപ്പുരയില്ല | 5. പുതിയ കഞ്ഞിപ്പുര നിർമ്മിച്ചു നൽകേണ്ടതാണ്. |
| 6. H.S.,U.P. വിഭാഗങ്ങൾ രണ്ട് ഭാഗത്ത് ആയതിനാൽ മേൽനോട്ടം വഹിക്കാൻ കഴിയുന്നില്ല. | 6. നിലവിലുള്ള ഭൂമിനിരപ്പാക്കി പുതിയ കെട്ടിടം നിർമ്മിച്ച് H.S. ന്റെയും U.P.S. ന്റെയും മധ്യഭാഗത്ത് ആഫീസ് വരത്തക്കരീതിയിലുള്ള ക്രമീകരണം ചെയ്യേണ്ടതാണ്. |

## 2. M.V.H.S. അരുമാനൂർ

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| a. സ്കൂൾ കെട്ടിടങ്ങൾ റോഡിന്റെ ഇരുവശങ്ങളിലും സ്ഥിതിചെയ്യുന്നത് | a. സ്കൂൾ ഉണ്ടെന്ന് കാണിക്കുന്ന സിഗ്നലും ബമ്പും റോഡിൽ സ്ഥാപിക്കണം. |
| b. സ്കൂൾ നടയിൽ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക. | b. ഈ വെയിറ്റിംഗ് ഷെഡ് സ്ഥാപിച്ചാൽ കുട്ടികൾക്കും അദ്ധ്യാപകർക്കം ബസ് കാത്തുനിൽക്കുമ്പോൾ വെയിറ്റുചെയ്യാൻ സൗകര്യമായിരിക്കും. |

## 4.3 വിദ്യാഭ്യാസം

കേരള സംസ്ഥാനത്ത് വിദ്യാഭ്യാസ ത്ത് വന്നിട്ടുള്ള മാറ്റങ്ങളുമായി ച്ചുനോക്കുമ്പോൾ പൂവ്വാർ ഗ്രാമപഞ്ചായത്ത് ാഭ്യാസരംഗത്ത് വളരെ പിന്നിലാണ്. ാഴിലധിഷ്ഠിത വിദ്യാഭ്യാസം ാവത്രികമാക്കുക എന്ന സർക്കാരിന്റെ ുടികൾ ഈ പഞ്ചായത്തിൽ പൂർണ്ണമായി ലഭിച്ചിട്ടില്ല. പൂവ്വാർ V.H.S.C യും അരുമാനൂർ M.V.H.S ഉം ആണ് രണ്ട് ഹൈസ്ക്കൂളുകൾ പൂവ്വാർ, അരുമാനൂർ, പട്ട്യക്കാല ഗവൺമെന്റ് പട്ട്യക്കാല ഗവൺമെന്റ് L.P.S കളും പൂവാർ എയ്ഞ്ചൽസ് L.P.S. (അൺഎയ്ഡഡു)മാണ് L.P. സ്ക്കൂളുകൾ

<u>പഞ്ചായത്തിലെ നിലവിലുള്ള സ്കൂളുകൾ</u>

1. ഗവൺമെന്റ് V.H.S.C പൂവാർ
2. ഗവൺമെന്റ് L.P.S പൂവാർ
3. ഗവൺമെന്റ് L.P.S അരുമാനൂർതുറ (താമരക്കുളം)
4. ഗവൺമെന്റ് L.P.S , അരുമാനൂർതുറ (പട്ട്യക്കാല)
5. M.V.H.Sഅരുമാനൂർ
6. എയ്ഞ്ചൽസ് L.P.S (അൺഎയ്ഡഡ്) പൂവാർ

# സ്കൂളിലെ പ്രശ്നങ്ങൾ

## 1. ഗവൺമെന്റ് V.H.S.C പൂവ്വാർ

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. കാലപ്പഴക്കം ചെന്നതും റിപ്പയർ ചെയ്തിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ | 1. റിപ്പയർചെയ്ത് ഉപയോഗപ്രദമാക്കേണ്ടതാണ്. |
| 2. കെട്ടിടങ്ങളുടെ അപര്യാപ്തത | 2. പുതിയ കെട്ടിടം നിർമ്മിച്ച് നൽകേണ്ടതാണ്. |
| 3. കളിസ്ഥലത്തിന്റെ കുറവ് | 3. മിനിസ്റ്റേഡിയം നിർമ്മിച്ച് നൽകേണ്ടതാണ്. |
| 4. ചുറ്റുമതിലിന്റെ അപര്യാപ്തത | 4. ചുറ്റുമതിൽ നിർമ്മിച്ച് നൽകേണ്ടതാണ്. |
| 5. കഞ്ഞിപ്പുരയില്ല | 5. പുതിയ കഞ്ഞിപ്പുര നിർമ്മിച്ചു നൽകേണ്ടതാണ്. |
| 6. H.S.,U.P. വിഭാഗങ്ങൾ രണ്ട് ഭാഗത്ത് ആയതിനാൽ മേൽനോട്ടം വഹിക്കാൻ കഴിയുന്നില്ല. | 6. നിലവിലുള്ള ഭൂമിനിരപ്പാക്കി പുതിയ കെട്ടിടം നിർമ്മിച്ച് H.S. ന്റെയും U.P.S. ന്റെയും മധ്യഭാഗത്ത് ആഫീസ് വരത്തക്കരീതിയിലുള്ള ക്രമീകരണം ചെയ്യേണ്ടതാണ്. |

## 2. M.V.H.S. അരുമാനൂർ

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| a. സ്കൂൾ കെട്ടിടങ്ങൾ റോഡിന്റെ ഇരുവശങ്ങളിലും സ്ഥിതിചെയ്യുന്നത് | a. സ്കൂൾ ഉണ്ടെന്ന് കാണിക്കുന്ന സിഗ്നലും ബമ്പും റോഡിൽ സ്ഥാപിക്കണം. |
| b. സ്കൂൾ നടയിൽ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക. | b. ഈ വെയിറ്റിംഗ് ഷെഡ് സ്ഥാപിച്ചാൽ കുട്ടികൾക്കും അദ്ധ്യാപകർക്കം ബസ് കാത്തുനിൽക്കുമ്പോൾ വെയിറ്റുചെയ്യാൻ സൗകര്യമായിരിക്കും. |

# പൂവ്വാർ ഗ്രാമപഞ്ചായത്ത് സ്ക്കൂളിന്റെ പൊതുവിവരം

| സ്ക്കൂളിന്റെ പേര് | ഹൈസ്ക്കൂൾ യു.പി സ്ക്കൂൾ എൽ.പി സ്ക്കൂൾ പ്രീപ്രൈമറി സ്ക്കൂൾ | സ്ക്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണീച്ചർ, റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | അംഗീകാരം ഇല്ലാത്ത | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) |
| ഗവ:എച്ച്.എസ്. എസ്.പൂവ്വാർ | ഹൈ | സർ | - | - | - | 828 | 770 | 1598 | 60 | 60 | ഇല്ല | ഇല്ല | 3ഏ | 5സെ. | 5.സെ | ചുറ്റുമതിൽ ഇല്ല |
| M.V.H.S. അരുമാനൂർ,പൂവ്വാർ | ഹൈ | - | എ | - | - | 513 | 409 | 922 | 40 | 40 | ഇല്ല | ഇല്ല | 2ഏ. 99സെ | 50. " | 30 " | " |
| ഗവ:L.P.S.പൂവ്വാർ | L.P.S | സർ | - | - | - | 394 | 375 | 769 | 18 | 18 | ഇല്ല | ഇല്ല | 50സെ | ഇല്ല | ഇല്ല | ഉണ്ട് |
| ഗവ: New L.P.S അരുമാനൂർ തുറ | " | " | - | - | - | 78 | 45 | 123 | 5 | 5 | " | " | 1ഏ. | 75സെ | " | ഇല്ല |
| ഗവ: L.P.S അരുമാനൂർതുറ | " | " | - | - | - | 81 | 42 | 123 | 4 | 4 | " | " | 1ഏ | 25 " | " | " |
| ഏയ്ഞ്ചൽസ് L.P.S. പൂവ്വാർ | " | - | - | അൺ | അംഗീ ഇല്ല | 118 | 202 | 320 | 21 | 21 | " | " | 1.ഏ. | 25 " | " | ഉണ്ട് |

# പൂവ്വാർ ഗ്രാമപഞ്ചായത്തിലെ നേഴ്സറി സ്കൂളുകൾ

| നമ്പർ | നേഴ്സറി സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | കെട്ടിടങ്ങളുടെ വിവരം | | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ കുട്ടികൾ | പണി കഴിപ്പിച്ച വർഷം | സ്വന്തം | വാടക | |
| 1. | ഗാന്ധിക്രഷ് | 9 | 21 | 30 | | | | |
| 2. | ലൊയോള ക്രഷ് | 12 | 18 | 30 | | | | |
| 3. | ലൊയോള<br>നേഴ്സറി | 17 | 13 | 30 | | | | |
| 4. | ഇന്ദിരാക്രഷ് | 12 | 18 | 30 | | | | |
| 5. | ദീപ്തി നേഴ്സറി | 17 | 13 | 30 | | | | |
| 6. | D.B.G.S.<br>ബാലവാടി | 17 | 23 | 40 | 11.12.1980 | സ്വന്തം | | 8 + 4 |
| 7. | D.B.G.S<br>ബേബിക്രഷ്<br>അരുമാനൂർ | 14 | 16 | 30 | 4.4.1979 | സ്വന്തം | | 3 |
| 8. | വിമലഗിരി<br>നേഴ്സറിസ്കൂൾ | 12 | 26 | 38 | | ഇല്ല | | 3 |
| 9. | ഇന്ദിരാപ്രിയദർശി<br>നി മഹിളാസമാജം | 17 | 12 | 29 | | ഇല്ല | | 2 |
| 10. | പരണിം YMCA<br>നേഴ്സറിസ്കൂൾ | 21 | 21 | 42 | 1970 | സ്വന്തം | | 4 |
| 11. | പൂവ്വാർ ഗ്രാമ<br>പഞ്ചായത്ത് നേ<br>ഴ്സറിസ്കൂൾ | 20 | 11 | 31 | | സ്വന്തം | | 2 |
| 12. | ബാലവാടി കംഫീ<br>ഡിംഗ് സെൻർ<br>കല്ലിംഗ്വിളാകം | 20 | 10 | 31 | | ഇല്ല | വാടക | 2 |
| 13. | മോറൽ നേഴ്സറി<br>സ്കൂൾ | 22 | 23 | 45 | | ഇല്ല | വാടക | 2 |
| 14. | ഗ്രാമോദ്ധാരണം<br>C.P.W.P.<br>ബാലവാടി | 12 | 13 | 25 | | ഉണ്ട് | | 2 |
| 15. | സാമൂഹ്യക്ഷേമ<br>വികസനസമിതി<br>Reg.No.311/78 പൂവ്വാർ | 16 | 20 | 36 | 1.7.1978 | ഉണ്ട് | | 2 |

## 4.4 കുടിവെള്ളവും പൊതുജന ആരോഗ്യവും

19777 ജനസംഖ്യയുള്ള പൂവാർ ഗ്രാമപഞ്ചായത്തിൽ 10% ആളുകൾക്കുപോലും കൃത്യമായി ശുദ്ധജലം എത്തിക്കുന്നതിന് സാധിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ ശുദ്ധജലപദ്ധതികൾ ഒന്നുതന്നെ ആരംഭിച്ചിട്ടില്ല. നിലവിലുള്ള പരണിയം പട്ട്യക്കാല അരുമാനൂർ ലൈനും കല്ലിംഗവിളാകം ചെക്കടി പാഞ്ചിക്കാല ലൈനും പൂവാർ തീരദേശലൈനും പൂവാർ EMS കോളനി പൂവാർ ഠൗൺ T.B. ലൈനുകളുമായി 1971-ൽ 30 ടാപ്പുകളോട് കൂടി ആരംഭിച്ച പൂവാർ-കരിച്ചൽ-തിരുപുറം ശുദ്ധജലപദ്ധതിയിൽ ഇപ്പോൾ 115 ടാപ്പുകളുണ്ട്. കാലപ്പഴക്കം ചെന്ന ലൈനുകൾ പൊട്ടിഒലിക്കുന്നതുമൂലം എല്ലാസ്ഥലത്തും ശുദ്ധജലം എത്തുന്നില്ല. കരിച്ചൽ-തിരുപുറം എന്നീ പമ്പു ഹൗസുകളിൽ സ്ഥാപിച്ചിരിക്കുന്ന കപ്പാസിറ്റി കുറഞ്ഞ പമ്പുകൾ കാരണം ഈ പഞ്ചായത്തിൽ പതിനഞ്ചുദിവസത്തിൽ ഒരിക്കൽപോലും ശുദ്ധജലം എത്തിക്കുന്നതിന് സാധിക്കുന്നില്ല.

പാറക്കെട്ടുകളും കുന്നിൻപ്രദേശങ്ങളും ഉള്ള ഈ പഞ്ചായത്തിൽ കിണർ കുഴിച്ചാലും ശുദ്ധജലം കിട്ടാത്ത പരണിയം പാഞ്ചിക്കാല ചെക്കടി, കല്ലിംഗവിളാകം, TB ജംഗ്ഷൻ എന്നീ പ്രദേശങ്ങളിൽ ടാങ്കുകൾ സ്ഥാപിച്ചു ശുദ്ധജലം എത്തിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ശ്രോതസ്സുകൾ ഈ പഞ്ചായത്തിൽ തന്നെ നിലവിലുണ്ട്. ആയതു പ്രയോജനപ്പെടുത്തിയാൽ നിലവിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

<u>ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ</u>

നെയ്യാർ, പരണിയം, ഈറ്റുകുഴി, കണ്ടമത്തുകുളം എന്നിവയിൽ പമ്പുഹൗസ് നിർമ്മിച്ചും പാഞ്ചിക്കാല കല്ലിംഗ്‌വിളാകം, T.B ജംഗ്ഷൻ എന്നീ ഉയരം കൂടിയ സ്ഥലങ്ങളിൽ ഹൈലെവൽ ടാങ്കുകൾ നിർമ്മിച്ചും ശുദ്ധജലം ശേഖരിച്ചും പാഞ്ചിക്കാല ടാങ്കിൽ നിന്നും പരണിയം, ചെക്കടി ലൈനിലും ടി ലൈനിൽ നിന്നും ചെക്കടിമണ്ണാംവിളാകം, പാഞ്ചിക്കാല, അരശുംമൂട്, എലിപ്പല്ലി, മുടിപ്പുര, മുടിമ്പുനട, ശൂലംകുടി കാലായിത്തോട്ടം, കല്ലുവിള, കാലായിതോട്ടം പാറയം പഴിഞ്ഞി കല്ലുവിള എന്നീ റൂട്ടുകളിൽ വെള്ളം എത്തിക്കേണ്ടതാണ്.

കല്ലിംഗവിളാകം ടാങ്കിൽ നിന്നും ശൂലം കുടി പൂവാർ ചന്ത, പാണംവിള, മണ്ണാംവിളാകം, പരപ്പിൻകുളം, കല്ലുവിള, മടത്തുവിളാകം, കല്ലിംഗവിളാകം ലക്ഷം വീട് ഇടയിക്കൽ ലക്ഷംവീട്, പൊറ്റയിൽ തെറ്റിക്കാട്, ആയിരംതൈ എന്നീറൂട്ടുകളിൽ വെള്ളം എത്തിക്കേണ്ടതാണ്, അതോടൊപ്പം നിലവിലുള്ള കരിച്ചലിലെ രണ്ടു ഗ്യാലറികളിൽ ഒരെണ്ണം പൊളിച്ചു റീപാക്ക് ചെയ്തു കൂടുതൽ വെള്ളം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കാഞ്ഞിരംകുളം, പൂവ്വാർ T.B. ടാങ്കിൽ നിന്നും T.B. മുതൽ പൂവ്വാർ ജംഗ്ഷൻവരെയും K.S.R.T.C പൈന്തി, പ്ലാങ്കാല, ഊറ്റുകുഴി, എടുത്തുചരിച്ചാൻവിള ലക്ഷംവീടുകോളനി, തുഞ്ചിപ്പുല്ലുവിളകോളനി, മുതുക്കുപ്ലാവിള ലക്ഷംവീട്കോളനി ആശുപത്രിറോഡ്, പഞ്ചായത്തുറോഡ്, കൂട്ടംതുറന്ന ലക്ഷംവീട് പേരച്ചിവിള ഇടവഴി തുരുത്തി

എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കേണ്ട താണ്. നെയ്യാർ പദ്ധതി പ്രവർത്തികമാക്കിയും നിലവിലുള്ള ടാപ്പുകളുടെ എണ്ണം കൂട്ടിയും എരിക്കലുവിള ടാങ്കു ശുദ്ധീകരിച്ച് നിലവിലുള്ള ജീർണ്ണിച്ച ലൈൻമാറ്റി തെക്കെതെരുവ് ഉപ്പുക്കുട്ടുവിളാകം, ചന്തവിളാകം, എരിക്കലുവിള, വരവിളത്തോപ്പ്, നടത്തുറ, കല്ലുമുക്ക്, ബീച്ച്, EMS കോളനി തുടങ്ങിയ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കേണ്ട താണ്.

തിരുപുറം പദ്ധതിയിൽ നിന്നും കുറയ്ക്കാമൂല, കോരുകാൽക്കടവ്, പൂവ്വാർബണ്ടു റോഡിലും, അകരത്തുനട BSS നേഴ്സറി റോഡുവഴി പൂവാർബണ്ടുവരെയും ആയിരം തൈയ്യിൽ നിന്നും അരുമാനൂർ ക്ഷേത്രം നടവഴി അരശുംമൂട് പാഞ്ചിക്കാല വഴി പരണിയം വരെയും, പൂവാർബണ്ടിൽ നിന്നു കുന്നുമലയിലും അരുമാനൂർ തോപ്പുവിളാകത്തുനിന്നും പള്ളിവിളലക്ഷം വീട്‌വരെയും തെറ്റിക്കാടി കാണിക്കാമുട്ടി മുതൽ പട്ടത്തുനടവരെയും, തെറ്റിക്കാട് കാണിക്കാമുട്ടി മുതൽ തൈക്കാപള്ളിവരെയും ശുദ്ധജലം എത്തിക്കേണ്ടതാണ്.

അരുമാനൂർ S.N.S ഗ്രന്ഥശാലയുടെ കിണറ്റൽ വാട്ടർടാങ്കും പമ്പുസെറ്റും സ്ഥാപിച്ചാൽ, അരുമാനൂർ, കൈപ്പൂരി, തെറ്റിക്കാട്, അരശുംമൂട്, മുടിമ്പുനട, തേരുമ്മൽ മണ്ണാംവിളാകം, മൂടിയൂർ വിളാകം എന്നീപ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാൻ കഴിയും.

## 4.5 പൊതുജനാരോഗ്യം

1956_ൽ പൂവാർ കേന്ദ്രമാക്കി ആരംഭിച്ച പ്രാഥമിക ആരോഗ്യകേന്ദ്രമാണ് ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന ഏക ആശ്രയം, കൂടാതെ 1983-ൽ ആരംഭിച്ച ഹോമിയോ ആശുപത്രിയും, മാതൃശിശു ആരോഗ്യകേന്ദ്രങ്ങളും നിലവിൽ പ്രവർത്തിച്ചുവരുന്നു. 1990 മാർച്ചിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി അപ്ഗ്രേഡു ചെയ്ത ഈ സ്ഥാപനത്തിൽ സർജറി ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ എന്നിവയിൽ പ്രത്യേ_ക പരിശീലനം നേടിയ 8 ഡോക്ടർമാരുടെ തസ്തിക നിലവിലുള്ള പൂവാർ കമ്മ്യൂണിറ്റിഹെൽത്തു സെന്ററിൽ 3 ഡോക്ടർമാരുടെ സേവനമാണ് ഇപ്പോൾ ഉള്ളത്. അതിൽ തന്നെ ഒരാൾ ഇവിടെ താമസിക്കുന്നയാളും മറ്റുള്ളവർ വന്നുപോകുന്നവരുമാണ്. അഞ്ചു സ്റ്റാഫ് നേഴ്സിന്റെ സ്ഥാനത്ത് ഒരാൾമാത്രമാണ് സേവനം നടത്തുന്നത്. അഞ്ചു നേഴ്സിംഗ് അസിസ്റ്റൻറുമാർ വേണ്ടിടത്തു രണ്ടുപേർ മാത്രമാണുള്ളത്.

മൂന്നു ഒന്നാം ഗ്രേഡുഅറ്റൻഡർമാരുടെ തസ്തിക നിലവിൽ ഉള്ള ടി ആശുപത്രിയിൽ ആ തസ്തികയിൽ ആരും സേവനത്തിനില്ല. രണ്ടാംഗ്രേഡ് അറ്റൻഡർമാർ 5 പേർ സേവനം ചെയ്യേണ്ടിടത്ത് രണ്ടുപേർ മാത്രമാണ് നിലവിലുള്ളത്.

കൂടാതെ നിലവിലുള്ള ഒരു സ്വീപ്പർക്കു പുറമേ മറ്റൊരെണ്ണം കൂടിയും, ഒരു ഫാർമസിസ്റ്റ് മാത്രമുള്ളതിനുപുറമേ മറ്റു രണ്ടുപേരെകൂടി നിയമിക്കേണ്ടതാണ്. നിലവിലുള്ള മോശമായ ലാബററ്ററിയുടെ ഉപകരണങ്ങളും മറ്റും മാറ്റി പുതിയവ അനുവദിച്ചു ലാബററ്ററിയിടെ നിലവാരം ഉയർത്തേണ്ടതാണ്.

ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ X - Ray യൂണിറ്റ്, ECG യൂണീറ്റ്, വൈദ്യുതിക്കാവശ്യമായ ജനറേറ്റർ, ചുറ്റുമതിൽ, ശുദ്ധജലത്തിന് ആവശ്യമായ സജ്ജീകരണങ്ങൾ, കിടക്കകൾ, പുതിയ കെട്ടിടങ്ങൾ എന്നിവ പുതിയതായി അനുവദിക്കേണ്ടതാണ്.

1990 മാർച്ചിൽ കമ്മ്യൂണിറ്റിഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട ടി ആശുപത്രിയിൽ ദിവസേന 1000നും 2000 നും ഇടയ്ക്കു രോഗികൾ വന്നുപോകുന്നുണ്ട്. ഇവരിൽ മത്സ്യതൊഴിലാളികൾ, പട്ടികജാതിക്കാരും, പിന്നോക്കക്കാരും മറ്റു വിഭാഗക്കാരുമാണ് ഭൂരിഭാഗവും. ആതുര ശുശ്രൂഷാ രംഗത്ത് മറ്റ് ഒരു ആശ്രയവും ഇല്ലാത്ത പാവപ്പെട്ട മേൽ വിഭാഗക്കാർക്ക് ഉള്ള ഏക ചികിത്സാകേന്ദ്രമാണ് ടി ആശുപത്രി. കടലോരപ്രദേശങ്ങളും, ചാലുകളും, തോടുകളും കൂടുതൽ ഉള്ള ഈ പഞ്ചായത്തിൽ സാംക്രമികരോഗങ്ങൾ പടർന്നു പിടിക്കുന്നത് സ്വാഭാവികമാണ്. അടിയന്തിരമായി വൈദ്യസഹായം ലഭ്യമാക്കുന്നതിന് മേൽപറഞ്ഞ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ഡിപാർട്ടുമെന്റ് ഇനിയെങ്കിലും ശ്രദ്ധചെലുത്തുമെന്ന് പഞ്ചായത്തു വിശ്വസിക്കുന്നു.

| നിർമ്മിക്കേണ്ട കുളിക്കടവ് | തിരിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| കൈ കെട്ട് കടവ് | (വാർഡ് I) |
| വാഴിയ കടവ് | (വാർഡ് I) |
| മുള്ളിമൂട് കടവ് | (വാർഡ് III) |
| പടകുടി കടവ് | (വാർഡ് III) |
| അരുമാനൂർ കല്ലുവിള ഏലയിലെ നിലവിലുള്ള ഉറ്റുകുഴിയിൽ | (വാർഡ് VII) |

# ഡ്രയിനേജ്

തീരദേശമായ, ജനസാന്ദ്രതയേറിയ പൂവാർ ഗ്രാമപഞ്ചായത്തിലെ 3,4,5 വാർഡുകളിൽ ഉൾപ്പെടുന്ന EMS കോളനി, തയ്ക്കാതെരുവ്, കടലടിപുറംപോക്ക്, ഉപ്പുകൂട്ടുവിളാകം, ചന്തവിളാകം, വരവിളത്തോപ്പ്, എരിക്കലുവിള എന്നീ ഭാഗങ്ങളിൽ ചെറിയ വീടുകളും ഒന്നിലധികം കുടുംബങ്ങളുമാണ് കഴിഞ്ഞുവരുന്നത്. ഈ പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും, അഴുക്കുചാലുകളും, മാരകമായ കോളറ, അതിസാരം, മന്ത്, മലമ്പനി, എന്നിവ പടർന്നു പിടിക്കുന്നതിനുകാരണമാകുന്നു.

ചപ്പുചവറുകൾ നിക്ഷേപിക്കുവാൻ പൊതുവായി ഇടം ഇല്ലാത്തതിനാലും ദൈനംദിനം നിക്ഷേപിക്കുന്ന ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ ഇല്ലാത്തതിനാലും മുകളിൽ പറഞ്ഞ സ്ഥലങ്ങളിൽ ചവറുകൂമ്പാരങ്ങൾ കുമിഞ്ഞുകൂടുന്നു.

മലിനജലം വീടിനു പരിസരത്തു നിക്ഷേപിക്കുവാൻ സ്ഥലമില്ലാത്തതിനാൽ, എല്ലാ വീടുകളിൽ നിന്നും മലിനജലം പുറത്തേയ്ക്കു ഒഴുകുന്നതിനാൽ ഉള്ള വഴികളെല്ലാം അഴുക്കു ചാലുകളായി മാറിക്കൊണ്ടിരിക്കുകയാണ്, മാരകമായ രോഗങ്ങൾ ഉണ്ടാകാൻ ആയതു കാരണമാവുകയും ചെയ്യുന്നു.

മേൽപറഞ്ഞ പ്രദേശത്തെ ജനങ്ങളുടെ അനാരോഗ്യകരമായ അവസ്ഥ മാറ്റി എടുക്കുന്നതിനും സർക്കാരും പഞ്ചായത്തും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും സംയുക്തമായി ഒരു സ്ഥിരമായ ഡ്രയിനേജ് സംവിധാനം താമസംവിന ആരംഭിക്കേണ്ടതാണ്.

പൂവാർ ഗ്രാമപഞ്ചായത്തിൽ 9 വാർഡുകളിൽ 1330 കുടുംബങ്ങൾക്ക് നിലവിൽ കക്കൂസുകൾ ഇല്ലെന്ന് തയ്യാറാക്കിയ പഠനറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇവർ തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിനാൽ അനാരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. അത് പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിരപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടിയിരിക്കുന്നു.

കൂട്ടം തുറന്ന ലക്ഷം വീട് കോളനിയിൽ മഴക്കാലത്ത് വെള്ളം കയറി വീടുകൾ നശിക്കുന്നു. ആയതു തടഞ്ഞു കിട്ടുന്നതിലേക്ക് ഓടകെട്ടി സംരക്ഷിക്കണം. കോളനിയിൽ നിന്നും വരിപ്ലാവ് കനാൽവരെയുള്ള റോഡ് ടാർ ചെയ്തു യാത്രാ സൗകര്യം മെച്ചപ്പെടുത്തണം.

ചെക്കടി അരുമാനൂർ മണ്ണാംവിളാകം റോഡിന്റെ ഇരുവശത്തും ഓട നിർമ്മിക്കുക.

അരുമാനൂർ എലിപ്പല്ലി മുടിപ്പുര റോഡിൽ ഇരുവശത്തും ഓട നിർമ്മിക്കുക.

## പരിസ്ഥിതി

കേരളത്തിന്റെ ഒൻപതാം പദ്ധതി രേഖ തയ്യാറാക്കുന്നതു നമ്മുടെ സംസ്ഥാനത്തിന്റെ ഭൂപ്രകൃതി - സ്ഥല - ജലവിഭവ സാദ്ധ്യതകൾ ജനകീയ ആവശ്യങ്ങൾ എന്നിവയുടെ താഴെത്തട്ടിൽ നിന്നുള്ള ജനാഭിപ്രായങ്ങൾ ക്രോഡീകരിച്ചു കൊണ്ടാണല്ലോ? ഇതിൽ ഭൂപ്രകൃതി, പരിസ്ഥിതി പരിസരപ്രശ്നങ്ങളോടുള്ള ക്രിയാത്മക സമീപനത്തിലൂടെ ഉരിത്തിരിയുന്ന അഭിപ്രായ നിർദ്ദേശങ്ങൾക്കു വലിയൊരു പങ്കാണ് നിർവ്വഹിക്കാനുള്ളത്.

പ്രകൃതിയുടെ ഉൾതുടിപ്പുകളും മണ്ണിന്റെ പ്രത്യേകതകളും മനസ്സിലാക്കാതെ കാർഷിക വ്യാവസായിക പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി നമ്മുടെ കൊച്ചു കേരളത്തിലും പ്രകൃതിയുടെ തകിടം മറിച്ചിലുകൾ ഉണ്ടായിട്ടുണ്ട്. കൃഷിയിടങ്ങളിലെ മണൽ ഒലിപ്പും വെള്ളപ്പൊക്കവും വേനൽക്കാലത്തെ രൂക്ഷമായ ജലക്ഷാമവും ഇതിന് ഉദാഹരണങ്ങളാണ്. മേലിൽ ഈ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാനും സാദ്ധ്യതയുണ്ട്.

ഈ ദുരവസ്ഥയ്ക്ക് പരിഹാരമായി ജൈവവൈവിദ്ധ്യത്തിന്റെ സന്തുലിതാവസ്ഥയെ നിലനിറുത്തിക്കൊണ്ട് പ്രകൃതി സമ്പത്തിനെ എങ്ങനെ വികസനരംഗത്ത് നാണയമാക്കി മാറ്റാമെന്ന് നാം ആലോചിക്കേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിലാണ് നമ്മുടെ പഞ്ചായത്തിലെയും പരിസ്ഥിരി - പരിസരപ്രശ്നങ്ങൾ ആസൂത്രണപ്രക്രിയയിലെ മുഖ്യവിഷയമാകുന്നത്. നമ്മുടെ പഞ്ചായത്തിലെ പൊതുവായ പരിസ്ഥിരി - പരിസരപ്രശ്നങ്ങളും സാദ്ധ്യതകളും ഓട്ടാകെ പരിഹാരമാർഗ്ഗങ്ങളും അടങ്ങുന്ന ഒരു ലഘു റിപ്പോർട്ടാണിത്.

## പ്രശ്നങ്ങൾ

### ജലമലിനീകരണം

ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ജലമലിനീകരണ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നു. EMS കോളനി, തെക്കേതെരുവ്, ഉപ്പുകൂട്ടുവിളാകം,പൂവ്വാർ ജംഗ്ഷൻ, ബസ്സ്റ്റാൻഡ് തുടങ്ങിയ പ്രദേശങ്ങളിൽ ഹോട്ടലുകളിൽ നിന്നും മറ്റു കടകളിൽ നിന്നും ചപ്പുചവറുകളും മാലിന്യങ്ങളും ഓടകളിൽ ഉപേക്ഷിക്കപ്പെടുന്നതിനാൽ ഓടയിൽ നിന്നും കിണറുകളിൽ വെള്ളം ഇറങ്ങി അശുദ്ധമാക്കുന്നു. നിലവിലുള്ള കുളങ്ങൾ യഥാസമയം ശുദ്ധീകരിക്കാതെയും ആടുമാടുകളെ ഇറക്കിയും മലിനമാക്കിക്കൊണ്ടിരിക്കുന്നു. മേൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് അശുദ്ധമായ വെള്ളം ഉപയോഗിക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### ഉറവകൾ, തോടുകൾ, കുളങ്ങൾ

ഈ പഞ്ചായത്തു പ്രദേശം നീരുറവകളും കുളങ്ങളും തോടുകളും കൊണ്ട് സംപുഷ്ടമാണെങ്കിലും അവയിൽ പലതും വ്യക്തികൾ ബോധപൂർവ്വം നികത്തുകയോ

തോടുകെട്ടി വീതി കുറച്ചു അടയ്ക്കുകയോ ചെയ്യുന്ന പ്രവണത നിലനില്ക്കുന്നു. ഒന്നും, രണ്ടും, മൂന്നും വാർഡുകളിൽ കൂടി കടന്നുപോകുന്ന മുട്ടയാർ, അരുമാനൂർ, ശ്രീനയിനാർദേവക്ഷേത്രത്തിന്റെ മുൻവശത്തു കൂടി പോകുന്ന മുട്ടയാർതോടും, ഒന്നും മൂന്നും വാർഡുകളിൽ കൂടി കടന്നുപോകുന്ന അരുമാനൂർ കൈപ്പൂരി തോടിന്റെയും ശോചനീയാവസ്ഥ പരിഹരിച്ചു കൃഷിക്കും മറ്റും ഉപയോഗിക്കാവുന്നതാണ്.

നെയ്യാറിന്റെ കര ഇടിയൽ മഴക്കാലത്ത് കുത്തുഒഴുക്കിൽപ്പെട്ടു നെയ്യാറിന്റെ ഇരുകര കളും ഇടിഞ്ഞു തെങ്ങിൻ പുരയിടങ്ങളുടെ വിസ്തീർണ്ണം കുറയുകയും ഫലപുഷ്ടി നഷ്ടപ്പെടുകയും ചെയ്തു വരുന്നു. ഇതു പരിഹരിക്കുന്നതിനായി ഇരുകരകളും കരിങ്കല്ലുകെട്ടി പരിഹരിക്കാവുന്നതാണ്.

<u>മലമൂത്രവിസർജ്ജനം തുറസ്സായ സ്ഥലങ്ങളിൽ</u>

തുറസ്സായ സ്ഥലത്തു മലമൂത്ര വിസർജ്ജനം നടത്തുന്നതും പരിസര മലിനീകരണത്തിനു കാരണമാകുന്നു. ഇതുമൂലം പകർച്ചവ്യാധികൾ പടർന്നു പിടിക്കുകയും ആരോഗ്യപ്രശ്നങ്ങൾ ഉയരുകയും ചെയ്യുന്നു.

## 4.5 വ്യവസായം

വ്യവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് പൂവ്വാർ. തീപ്പെട്ടി വ്യവസായം, മരം അറുപ്പ് വ്യവസായം എന്നിവയിൽ പരിമിതമായ ആളുകൾമാത്രം ഏർപ്പെട്ടിരിക്കുന്നു.

സാദ്ധ്യതകൾ

ഗ്രാമസഭാറിപ്പോർട്ടുകൾ അവലോകനം ചെയ്യുമ്പോൾ താഴെപറയുന്ന ചെറുകിട വ്യവസായങ്ങൾക്ക് പൂവ്വാർ പഞ്ചായത്തിൽ സാദ്ധ്യതയുള്ളതായി കാണുന്നു.

കൊപ്രാ സംഭരണം

സുലഭമായി ലഭിക്കുന്ന നാളികേരം സംഭരിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താ വുന്നതാണ്.

പനയോല, തെങ്ങോല വ്യവസായം

നമ്മുടെ നാട്ടിൽ നിന്നും സുലഭമായി ലഭിക്കുന്ന പനയോലയും തെങ്ങോലയും ഉപയോഗിച്ച് കുടിൽ വ്യവസായങ്ങൾ നടത്താവുന്നതാണ്.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

മില്ലുകളിൽ നിന്നും മൊത്തമായും തുണികൾ ശേഖരിച്ച് റെഡിമെയ്ഡു വസ്ത്ര വ്യവസായം പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ നടത്താവുന്നതാണ്.

പഴസംസ്ക്കരണ യൂണീറ്റ്

സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് ജാം, സ്ക്വാഷ് എന്നിവ തയ്യാറാക്കി വിപണനം ചെയ്യാവുന്നതാണ്.

മത്സ്യസംസ്ക്കരണം

സുലഭമായി കിട്ടുന്ന മത്സ്യം ശേഖരിച്ചു മത്സ്യസംസ്ക്കരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

ട്രിപ്പ്സെറ്റ് നിർമ്മാണം

ആശുപത്രികൾക്കാവശ്യമായ ട്രിപ്പ് സെറ്റും കിടക്കകൾ, യൂറിൻബാഗ് എന്നിവ നിർമ്മിച്ച് വിപണനം ചെയ്യാവുന്നതാണ്.

കൂടാതെ ഇഷ്ടിക, കോൺക്രീറ്റു ബ്ലോക്ക് നിർമ്മാണയൂണിറ്റ്, ആടുവളർത്തൽ, ഫർണിച്ചർ നിർമ്മാണ് തുടങ്ങിയ വ്യവസായങ്ങൾക്കും സാദ്ധ്യതയുള്ളതാണ്.

## 4.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

<u>ഗതാഗതം</u>

പൂവ്വാർ പഞ്ചായത്തിൽ KSRTC ബസുകൾ മാത്രമേ സർവ്വീസു നടത്തുന്നുള്ളൂ. 24-2-1984 -ൽ ആരംഭിച്ച പൂവ്വാർ ഡിപ്പോയിലാണ് ഓഫീസും പ്രവർത്തിക്കുന്നത്. ആരംഭകാലത്ത് ഉണ്ടായിരുന്ന ഷെഡ്യൂളുകൾ പരിമിതമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും 12 വർഷം മുമ്പ് ഉണ്ടായിരുന്ന സർവ്വൂസുകൾപോലും നിലവിൽ നടത്തുന്നില്ല. കണ്ടക്ടർമാരുടെയും, സ്പെയർപാർട്ട്സിന്റെയും, മറ്റ് ജീവനക്കാരുടെയും കുറവ് സർവ്വീസു കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. ഒരു സൂപ്പർഫാസ്റ്റോ, എക്സ്പ്രസ്സോ ഇല്ലാത്ത ഒരു KSRTC ഡിപ്പോ പൂവ്വാർ മാത്രമാണ്. ആകെയുള്ള 2 ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് മാത്രമാണ് നിലവിലുള്ളതും. KSRTC നഷ്ടത്തിലേക്ക് നീങ്ങുന്നതിന്റെ കാരണവും കാര്യക്ഷമതയില്ലായ്മയും ആസൂത്രണത്തിന്റെ കുറവുമാണ്.

<u>ജീവനക്കാർ</u>

കണ്ടക്ടർമാരുടെയും, ചാർജ്ജ്മാൻ മാരുടെയും കുറവ് സർവ്വീസ് റദ്ദാക്കലിന് പ്രധാനകാരണമാണ്, ജീവനക്കാർക്കാ വശ്യമായ പ്രാഥമിക സൗകര്യങ്ങൾ പൂവ്വാർ ഡിപ്പോയിലില്ല. ആയതിനാൽ ഒരു ജീവനക്കാരനും പൂവ്വാർ ഡിപ്പോയിൽ വരുവാനാഗ്രഹിക്കുന്നില്ല. നാട്ടിലുള്ള ജിവനക്കാരല്ലാതെ ആരും പൂവ്വാറിൽ ജോലിക്കുവരാറില്ല.

<u>സർവ്വീസ് കാര്യക്ഷമത</u>

10 വർഷത്തിനുമേൽ പഴക്കമുള്ളവയാണ് 90% വണ്ടികളും ഓടി അലഞ്ഞ വണ്ടികൾ മറ്റു ഡിപ്പോയിൽ നിന്നു മാറ്റുന്നതും പൂവ്വാറിലേക്കാണ് ലഭിക്കുന്നത്. സ്പെയർപാർട്ടുകൾ യഥാസമയം ലഭിക്കാത്തതിനാൽ വഴിയിൽ വിശ്രമിക്കുന്ന വണ്ടികൾ പൂവ്വാറിൽ നിരവധിയാണ്. പ്രൈവറ്റ് ബസ് സർവ്വീസുകൾ ഇല്ലാത്തതിനാൽ വഴിയിൽ കിടപ്പ് ഇന്നാട്ടുകാരുടെ നിത്യശാപമായിരിക്കുകയാണ്.

<u>പരിഹാരമാർഗ്ഗങ്ങൾ</u>

പഴയ 30 വണ്ടികൾ പിൻവലിച്ച് പകരം 40 വണ്ടികൾ അനുവദിക്കുകയും 5 സൂപ്പർ ഫാസ്റ്റും 3 എക്സ്പ്രസ് ബസും പൂവ്വാർ ഡിപ്പോയ്ക്കു കൊടുക്കുകയും വേണം. അപ്രകാരം ചെയ്താൽ, നാഗർകോവിൽ, കന്യാകുമാരി, കാസർകോട്, ഗുരുവായൂർ, തൃശൂർ, വൈക്കം, കോട്ടയം എന്നിവിടങ്ങളിലേയ്ക്കും, വിഴിഞ്ഞം, തിരുവനന്തപുരം ഫാസ്റ്റ് പൂവ്വാറിലേയ്ക്കും കാഞ്ഞിരംകുളം വഴി തിരുവനന്തപുരത്തിനു പോകുന്ന ഫാസ്റ്റ പാസഞ്ചറുകൾ തിര്യെ വിഴിഞ്ഞം വഴിയും സർവ്വീസ് നടത്തുന്നത് KSRTC യ്ക്കു ലാഭവും ജനങ്ങൾക്കു പ്രയോജനകരവും ഉപകാരവും ആയിരിക്കും. പൂവ്വാർ ഡിപ്പോയിൽ എല്ലാ സൗകര്യങ്ങളും ഉള്ള ഒരു ഓഫീസ് കെട്ടിടം പൂർത്തിയാക്കണം. KSRTC ജീവനക്കാർക്ക് മറ്റ്

ഡിപ്പോയിൽ ലഭിക്കുന്ന സൗകര്യങ്ങൾ പൂവ്വാർഡിപ്പോയിൽ ക്രമീകരിക്കണം. MLA-M.P, ബ്ലോക്ക് പഞ്ചായത്ത് സമിതികൾ സംയുക്തമായി ആവശ്യം ഉന്നയിച്ചാൽ പൂവ്വാറിലെ KSRTC ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കാനാവും ദീർഘദൂര സർവ്വീസുകൾ നിശ്ചയിക്കുമ്പോൾ 15 K.m ലാഭത്തിൽ കോവളവും, കന്യാകുമാരിയും തമ്മിൽ യോജിപ്പിക്കുന്നതിന് 1 കോടി രൂപാ ചെലവ് ചെയ്തു നിർമ്മിച്ചിരിക്കുന്ന പൂവ്വാർ പാലം നിലവിലുണ്ടെന്ന വസ്തുത KSRTC യും ബന്ധപ്പെട്ടവരും മറന്നുപോയിരിക്കുന്നു.

<u>ഈസ്റ്റ് ബ്രാഞ്ച് ചാനൽ റോഡു പാലങ്ങളുടെയും കലുങ്കുകളുടെയും അപര്യാപ്തത.</u>

പൂവ്വാർ ഈസ്റ്റ് ബ്രാഞ്ച് ചാനലിൽ നിലവിലുള്ള റോഡുകൾ തമ്മിൽ യോജിപ്പിക്കുന്നതിലേയ്ക്ക് ഗതാഗതയോഗ്യമായ രീതിയിൽ മുതുക്കു പ്ലാവിള, നെടിയകാല പാലവും, പ്ലാങ്കാല കുഴിഞ്ഞാംവിള പാലവും, പണിയണം. അതുപോലെതന്നെ ചാനലിന്റെ ഇരുവശവും യാത്രക്കാർ കടന്ന് പോകത്തക്കരീതിയിൽ ഉറ്റുകുഴി, ദർപ്പവിള, ഇഞ്ചിപ്പുല്ലുവിള, ജമ്പംതോട്, കുന്നുവിള, താന്നിനിന്നവിള എന്നീ സ്ഥലങ്ങളിൽ കലുങ്കുപാലങ്ങൾ പണിയണം.

<u>-ാം വാർഡിൽ</u>

പരണിയം ഈസ്റ്റ്ബ്രാഞ്ച് ചാനലിൽ 10 സ്ഥലങ്ങളിൽ കുറുകെ പാലം നിർമ്മിച്ച് ജനങ്ങൾക്കു കടന്നുപോകാനുള്ള അവസരം ഉണ്ടാക്കുക.

കാക്കത്തോട്ടത്തു നിന്നും ചാലാക്കരയിലേക്കും വട്ടത്തുനിന്നും ചാലക്കരയിലേക്കും രണ്ട് ഫ്ലൈഓവറുകൾ നിർമ്മിക്കുക.

## <u>പഞ്ചായത്ത്‌വഴി കടന്ന്പോകുന്ന PWD റോഡുകളും പരിഹാരമാർഗ്ഗങ്ങളും</u>

| | | |
|---|---|---|
| പൂവ്വാർ അരുമാനൂർ പട്ട്യക്കാല റോഡ് | 1. | അരുമാനൂർ കൈപ്പൂരി മുതൽ പൂവ്വാർ പോസ്റ്റാഫീസ് വരെ വീതി കൂട്ടി സൈഡുവാൾ കെട്ടി ഓട നിർമ്മിക്കുക. |
| പൂവ്വാർ പരണിയം റോഡ് | 2. | ആവശ്യമായ സ്ഥലങ്ങൾ സൈഡ്‌വാൾ കെട്ടി ഓട നിർമ്മിക്കുക. |

3. പൂവ്വാർ വിഴിഞ്ഞം റോഡ്

3. പൂവ്വാർ മുതൽ എരിക്കലവിളവരെ ഭാഗത്ത് സൈഡ് വാൾകെട്ടി ഓട നിർമ്മിക്കുക.

4. ആണ്ടിക്കുടി – കഞ്ചാംപഴഞ്ഞി മാവിളക്കടവ്

4. ആണ്ടിക്കുടി മുതൽ മാവിളക്കടവ് വരെ സൈഡ്‌വാൾ കെട്ടി ഓട നിർമ്മിക്കുക.

5. പൂവ്വാർ ഠൗൺ

5.1. പൂവ്വാർ പാലം മുതൽ ജംഗ്ഷൻ വരെ ഇരു സൈഡുകളിലും നിലവിലുള്ള ഓട വെള്ളം ഒഴുകത്തക്കവിധം നെയ്യാർ കൈചാനൽ വരെ ഓട കെട്ടി സ്ലാബ് നിർമ്മിക്കുക.

5.2. കാഞ്ഞിരംകുളം മുതൽ T.B. ജംഗ്ഷൻവരെ ഇരു സൈഡിലും വെള്ളം ഒഴുകത്തക്ക വിധം ഓടകെട്ടി സ്ലാബ് നിർമ്മിക്കുക.

5.3. T.B. ജംഗ്ഷൻ മുതൽ ഡിപ്പോവരെ ഇരുസൈഡും ഓടകെട്ടി സ്ലാബ് ഇടുകയും ഡിപ്പോയിലേയ്ക്കുള്ള റോഡുകൾ ടാർ ചെയ്യുകയും ചെയ്യുക.

6. പൂവ്വാർ പാലം റോഡ് വീതി കൂട്ടി സൈഡ് വാൾ കെട്ടി സംരക്ഷിക്കുക.

## വാർത്താവിനിമയം

ഉദ്ദേശം 35 വർഷങ്ങൾക്കുമുൻപ് പരിമിതമായ സൗകര്യങ്ങളോടും 20 നു താഴെ കണക്ഷനുകളോടും കൂടിയാണ് പൂവ്വാർ ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തനം ആരംഭിച്ചത്. ഈ എക്സ്ചേഞ്ചിന്റെ പരിധിയിൽ പൂവ്വാർ, കുളത്തൂർ, ചെങ്കൽ, കാരോട്, തിരുപുറം, കരിംകുളം തുടങ്ങിയ പഞ്ചായത്ത് പ്രദേശങ്ങൾ ഭാഗികമായും പൂർണ്ണമായും ഉൾപ്പെടുന്നു. നാട്ടുകാരുടെ ശ്രമഫലമായി 1990–91 കാലയളവിൽ ചെറിയ ഒരു വികസനം നടക്കുകയും ചെയ്തിരുന്നു. ആകെയുള്ള കണക്ഷൻ നിലവിൽ 313 ആണ്. 400 ഓളം അപേക്ഷകൾ ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. ഈയിടെ പുതിയ കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രവർത്തനം തുടങ്ങിയെങ്കിലും നാമമാത്രമായ വികസനം മാത്രമാണ് നടത്തിയിട്ടുള്ളത്.

നിലവിലുള്ളതും പുതിയതുമായ 1500 കണക്ഷനുകൾ എങ്കിലും കൊടുക്കാൻ കഴിവുള്ള ഇലക്ട്രോണിക് ബോർഡ് സ്ഥാപിച്ചാൽ മുകളിൽ പറഞ്ഞ പ്രദേശങ്ങളിലെ വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

## KSRTC സർവ്വീസ് നടത്തുന്ന പഞ്ചായത്തു റോഡുകൾ

| ՏRTC സർവ്വീസ് നടത്തുന്നതിന് ഉദ്ദേശിക്കുന്ന ാഡുകൾ | പൂവ്വാർ – കല്ലിംഗവിളാകം പരണിയം റോഡുകൾ റിട്ടാറിംഗ് നടത്തുക. |
|---|---|
| ,ലംകുടി - അരുമാനൂർ - എലിപ്പല്ലി | റോഡ് സൈഡ് വാൾ കെട്ടി ടാർചെയ്ത് ബസ് സർവ്വീസ് ആരംഭിക്കുക. |
| വ്വാർബണ്ട് - കോരുകാൽ കടവ് റോഡ് | സൈഡ് വാൾ കെട്ടി ടാർ ചെയ്ത് ബസ് സർവ്വീസ് ആരംഭിക്കുക. |
| ,ക്കടി-ഊറ്റുകുഴി- പാമ്പുകാല റോഡ് | ഊറ്റുകുഴി കനാൽ-പാലം നിർമ്മിച്ച് ടാർ ചെയ്യാത്ത ഭാഗം ടാറിംഗ് നടത്തി ബസ് സർവ്വീസ് ആരംഭിക്കുക. |
| ിരശുമൂട് - മൂടുമ്പ്നട - പാഞ്ചിക്കാല | റോഡ് വീതികൂട്ടി റീ ടാർ ചെയ്ത് സർവ്വീസ് നടത്തുക. |

## ടാർ ചെയ്യേണ്ട പഞ്ചായത്ത് റോഡുകൾ

ല്ലുവിള - അരുമാനൂർ - മുടിപ്പുരറോഡ്

,ക്കടി - മണ്ണാംവിളാം റോഡ്

ാഞ്ചിക്കാല - മുതുക്കുപ്ലാവിള ചാനൽ ാഡ്

ല്ലിംഗവിളാകം മഠത്തുവിളാകം റോഡ്

ാറ്റുകുഴി - പ്ലാങ്കാല

ഞ്ചാംപഴഞ്ഞി - കോരുകാൽ കടവ് ാഡ്

ഞ്ചാംപഴഞ്ഞി - CSI പള്ളി നടറോഡ്

8. ബീച്ച് റോഡ്
9. അരശുമൂട് - ശ്രീനയിനാർക്ഷേത്ര നടയിൽ നിന്നും പൂവ്വാർ ബണ്ടിലേയ്ക്കുള്ള റോഡ്
10. കഞ്ചാംപഴഞ്ഞി ആയിരം തൈ അരുമാനൂർ റോഡ്
11. കഞ്ചാംപഴഞ്ഞി M.V.H.S റോഡ്
12. എരിക്കലവിള ആശുപത്രിറോഡ്
13. മണിയങ്കൽതോപ്പ് - വടക്കെ വീട്ടുനട കാലായ് തോട്ടം റോഡ്

14. കിഴക്കും പുറം - ഏലാബണ്ട് റോഡ്

15. നഗരിയിൽ - പൊറ്ററോഡ്

16. പ്ലാങ്കാല - ഊറ്റ്കുഴിറോഡ്

17. താന്നിനിന്നവിള നടപ്പാത

18. എരിക്കലവിള നടപ്പാത

19. തെറ്റിക്കാട് - തകരപറമ്പ് ഇടവഴി

20. കൊല്ലം പഴഞ്ഞി ഇടവഴി

21. പരണിയം കുട്ടവിളറോഡ്

22. സെന്റ് ആന്റണീസ് കുരിശടി നട - എഞ്ചൽസ് കോൺവെന്റ്

23. എരിക്കലവിള ലക്ഷം വീട് കോളനി - ആശുപത്രിറോഡ്

24. എരിക്കലവിള കമ്മ്യൂണിറ്റി ഹാൾ ബീച്ച് റോഡ്

25. സെന്റ് ആന്റണീസ് കുരിശടി നട വിഴിഞ്ഞം - പൂവ്വാർ റോഡ്

26. ഡിപ്പോ റോഡിൽ നിന്നും ആശുപത്രിക്കുപോകുന്ന നടപ്പാത

27. എടുത്ത് ചരിച്ചാൻ വിള - കൊട്ടറകുന്ന് ചാനൽ റോഡ്

28. കുട്ടൻതുറന്നവിള ലക്ഷം വീടിൽ നിന്നും വരിപ്ലാവ് ചാനൽവരെയുള്ള റോഡ്

29. പൂവ്വാർ പൊഴിക്കര മുതൽ കല്ലുമുക്ക് വരെയുള്ള തീരദേശറോഡ്

30. മഠത്തുവിളാകം മുതൽ കൊടിവിളാകം വരെയുള്ള റോഡ്

31. അരുമാനൂർ തോപ്പുവിളാകം മുതൽ പള്ളിവിളലക്ഷം വീട് വരെയുള്ള നടപ്പാത

32. അരുമാനൂർ ഒലവം കുറുപ്പുവിളാകം മുതൽ കീഴതു വരെയുള്ള നടപ്പാത

33. അരുമാനൂർ ധർമ്മപാത നടപ്പാത

34. അരുമാനൂർ കൊറ്റുവിള മുതൽ ചീനിവിള വരെയുള്ള നടപ്പാത

35. അരുമാനൂർ കൃഷിഭവൻ മുതൽ പുറ്റമൺകാവ് വരെയുള്ള നടപ്പാത

36. കൈപ്പൂരി കല്ലംപൊറ്റ നടപ്പാത പൂർത്തീകരിച്ച് ടാർ ചെയ്യുക.

37. പൂവ്വാർ ബണ്ട് - കോരുകാൽ കടവ് റോഡ്.

## ഊർജ്ജം

ഈ പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നമാണ് വൈദ്യുതി. വൈദ്യുതി എത്താത്ത ഗ്രാമങ്ങളും വീടുകളും പട്ടികജാതി കോളനികളും ഒട്ടനവധിയാണ്. നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് രാത്രിയും പകലും അപ്രഖ്യാപിത പവർകട്ട് തീരാശാപമായി നിലനിൽക്കുന്നു. ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിൽ 60 K.V സബ് സ്റ്റേഷൻ അനുവദിക്കുകയും അത് 110 K.V ആക്കാമെന്ന് പറഞ്ഞിരുന്നതുമാണ്. ഇത് രണ്ടും നടന്നില്ല. 1993 മുതൽ ഇലക്ട്രിക്

ൻക്ഷനുവേണ്ടി പണമടച്ച് ത്തിരിക്കുന്നവരുടെ അംഗസംഖ്യ വളരെ ുതാണ്. കോൺട്രിബ്യൂഷൻ തുക യ്ക്കാൻ കഴിയാത്ത ഉപഭോക്താക്കൾക്ക് തിയ കണക്ഷൻ എന്നത് ഒരു പ്പമായിമാറിയിരിക്കുന്നു. പട്ടികജാതി ർഗ്ഗക്കാർക്കും വിമുക്തഭടൻമാർക്കും, ശവിവാഹക്കാർക്കും പോസ്റ്റ് സ്ഥാപിച്ച് ർവ്വീസ് പോലും സൗജന്യമായി കൊടുക്കുവാൻ നിയമമുള്ളപ്പോൾ ഈ പഞ്ചായത്തിൽ മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ C.D അടച്ച് സർക്കാർ ഉത്തരവ് വാങ്ങിക്കൊടുത്തിട്ടും കണക്ഷൻ കൊടുക്കുവാൻ ഉദ്യോഗസ്ഥൻമാർ കയ്യാറായി കാണുന്നില്ല. സാധനം ഇല്ലെന്നാണ് ഉദ്യോഗസ്ഥരുടെ മറുപടി. ഈ ദുസ്ഥി;തി എത്രയും പെട്ടെന്ന് മാറ്റുന്നതിന് ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്.

<u>ആവശ്യമുള്ള ട്രാൻസ്ഫോർമറുകളും സ്ഥാപിക്കേണ്ടസ്ഥലവും</u>

| | |
|---|---|
| വാർഡ് I | ആയിരംതൈ |
| വാർഡ് III | EMS കോളനി |
| വാർഡ് VIII | ചെക്കടി |
| വാർഡ് VII | കല്ലിംഗവിളാകം |
| വാർഡ് IV | പള്ളം പുരയിടം |

## മാർക്കറ്റ്

പൂവ്വാർ പഞ്ചായത്തിലെയും സമീപപ്രദേശത്തെയും കാർഷികവിളകൾ വിൽക്കാനും വാങ്ങാനുമുള്ള പ്രധാന മാർക്കറ്റ് പൂവ്വാർ മാർക്കറ്റാണ്. ഈ മാർക്കറ്റ് സ്വകാര്യമേഖലയിലാണ്. കൂടാതെ അരുമാനൂർക്കടയിലും ഒരു ചന്ത പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന് സ്വന്തമായി പബ്ളിക് മാർക്കറ്റ് ഒന്നും തന്നെയില്ല. നൂറ് വർഷത്തോളം പഴക്കമുള്ളതും പ്രധാന വിപണനകേന്ദ്രവു മായിരുന്ന പൂവ്വാർ സ്വകാര്യമാർക്കറ്റ് ദൈനംദിനം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്.

ഈ രംഗത്ത് ആവശ്യമായ മാറ്റം വരുത്തുന്നതിന് പഞ്ചായത്ത് നേരിട്ട് പ്രസ്തുത ചന്ത ഏറ്റെടുത്ത് എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയുള്ള ദൈനംദിന മാർക്കറ്റാക്കി മാറ്റേണ്ടതാണ്.

| പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും പ്രശ്നം | പരിഹാരമാർഗ്ഗം |
|---|---|
| 1. പൂവ്വാർ ചന്ത | a. പഞ്ചായത്ത് ഏറ്റെടുത്ത് ആധുനിക സജ്ജീകരണങ്ങളോടുകൂടിയുള്ള ദൈനംദിനമാർക്കറ്റാക്കി മാറ്റേണ്ടതാണ്. |
| 2, എരിക്കലവിള ചന്ത | b. പഞ്ചായത്ത് ഏറ്റെടുത്തു നടത്തേണ്ടതാണ്. |
| 3. അരുമാനൂർക്കട ചന്ത | c. പഞ്ചായത്ത് ഏറ്റെടുത്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് ദൈനംദിന ചന്തയാക്കി മാറ്റേണ്ടതാണ്. |

<u>പുതിയ ചന്തകൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. പാഞ്ചിക്കാല
2. കഞ്ചാം പഴിഞ്ഞി
3. അരുമാനൂർ മുടമ്പ് നട

## ഇലക്ട്രിക് ലൈനും സ്ട്രീറ്റ് ലൈറ്റും ആവശ്യമുള്ള സ്ഥലങ്ങൾ

വാർഡുതലത്തിൽ മുൻഗണനാക്രമത്തിൽ

| വാർഡ് | സ്ഥലം | ലൈൻവേണ്ടത് | സ്ട്രീറ്റ് ലൈറ്റ് വേണ്ടത് | വീട്ടിലേക്കുള്ള കണക്ഷൻ |
|---|---|---|---|---|
| 1. | അരുമാനൂർ | അരുമാനൂർ പൂവക്കുഴി ഇടവഴി | കൊല്ലംപടി നടപ്പാത | |
| | | പുറ്റുമൺകാവ് നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | 250 |
| | | കൊല്ലപഴിഞ്ഞി നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | |
| | | കൊറ്റൻ വിള നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | |
| | | ക്ഷേത്രനട മുതൽ പള്ളിവിള | കൊറ്റൻവിഞ്ച നടപ്പാത | |
| | | ലക്ഷം വീട് വരെയുള്ള നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | |
| | | അരുമാനൂർ ധർമ്മപാത നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | |
| | | തെറ്റിക്കാട് കാണിക്കാമുട്ടി പള്ളി വരെയുള്ള നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | |
| | | M.V.H.S ന്റെ വടക്കുവശമുള്ള നടപ്പാത പനച്ചമൂട് കുളം വരെ | കൊറ്റൻവിഞ്ച നടപ്പാത | |
| | | തെറ്റിക്കാട് കാണിക്കാമൂട്ടി സൊസൈറ്റി നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | |
| 2. | കഞ്ചാംപഴിഞ്ഞി | കഞ്ചാംപഴിഞ്ഞി കോരുകാൽക്കടവ് | | ´150 |
| | | M.V.H.S മുതൽ പഴയാറ്റിൻ കരവരെ | | |
| | | കാക്കറ കോരുത്തുരുത്തി | | |
| | | കഞ്ചാംപഴിഞ്ഞി C.S.I. ചർച്ച് റോഡ് | | |
| 3. | പൂവാർ | EMS കോളനി മുതൽ പൊഴിക്കരവരെ | കൊറ്റൻവിഞ്ച നടപ്പാത | 50 |
| | | തെക്കേതെരുവു മുതൽ കടലടി വരെ | കൊറ്റൻവിഞ്ച നടപ്പാത | |
| | | EMS കോളനി മുതൽ കടപ്പുറം ലൈൺ ഉപ്പുക്കുട്ടുവിളാകം വരെ | കൊറ്റൻവിഞ്ച നടപ്പാത | |
| | | തുരുത്തികോളനി | | |

| വാർഡ് | സ്ഥലം | ലൈൻവേണ്ടത് | സ്ട്രീറ്റ് ലൈറ്റ് വേണ്ടത് | വീട്ടിലേക്കുള്ള കണക്ഷൻ |
|---|---|---|---|---|
| 4. | പൂവാർഠൗൺ | സെന്റ് ആന്റണീസ് കുരിശ്ശടി നടപ്പാത<br>സെൻ ബർത്തലോമിയോ കുരിശ്ശടിക്ക് കിഴക്കുതെക്കു നടപ്പാത | കൊറ്റൻവിഞ്ച നടപ്പാത | 260 |
| 5. | പൂവാർ ബീച്ച് | സെന്റ് ആന്റണീസ് കുരിശ്ശടിയിൽ നിന്ന് പടിഞ്ഞാറോട്ടുള്ള നടപ്പാത<br>സെന്റ് ആന്റണീസ് കമ്മ്യൂണിറ്റി ഹാൾ നടപ്പാത<br>സെന്റ് ആന്റണീസ് കുരിശ്ശടി വിഴിഞ്ഞം പൂവാർ റോഡ്<br>സെന്റ് ആന്റണീസ് കമ്മ്യൂണിറ്റിഹാൾ ഇടവഴി ബീച്ച് റോഡ് അതിർത്തി<br>ഡിപ്പോ റോഡ് ഇറിഗേഷൻ ചാനൽ<br>ആശുപത്രിറോഡ് ലക്ഷംവീട് കോളനി ഇടവഴി<br>വിഴിഞ്ഞം പൂവാർറോഡ് ലക്ഷംവീട് അതിർത്തി<br>എരിക്കലവിള റോഡ് ആശുപത്രിറോഡ്<br>സെന്റ് ആന്റണീസ് കുരിശ്ശടി വരവിളത്തോപ്പ് ഇടവഴി<br>സെന്റ് ആന്റണീസ് കുരിശ്ശടി എരിക്കലവിള ഇടവഴി | എടുത്തു ചരിച്ചാൻവിള<br>മുതുക്കുപ്ലാവിള വരെ | 200 |
| 6. | T.B. വാർഡ് | എടുത്തുചരിച്ചാൻവിളകൊട്ടറക്കുന്ന് ചാനൽറോഡ്<br>ഇഞ്ചിപുല്ലുവിള ലക്ഷംവീട് കോളനി<br>എടുത്തുചരിച്ചാൻവിള<br>മുതുക്കുപ്ലാവിളവരെ<br>നഗരിയിൽ ഇടവഴി<br>പൊറ്റയിൽ ഇടവഴി<br>H.S. ഗ്രൗണ്ട് പൊറ്റ ഇടവഴിവരെ | | 250 |

| വാർഡ് | സ്ഥലം | ലൈൻവേണ്ടത് | സ്ട്രീറ്റ് ലൈറ്റ് വേണ്ടത് | വീട്ടിലേക്കുള്ള കണക്ഷൻ |
|---|---|---|---|---|
| 7. | കല്ലിംഗവിളാകം | മഞ്ചവിളാകം ഇടവഴി<br>പാണംവിള ഇടവഴി<br>കുഴിഞ്ഞവിളാകം മുതൽ<br>വരിപ്ലാവ് വരെ<br>മുതുക്കുപ്ലാവിള മുതൽ<br>പരപ്പൻകുളം വരെ<br>കൊടിവിളാകം നടപ്പാത ലൈൻ<br>പാഞ്ചിക്കാല മുതുക്കുപ്ലാവിള ലൈൻ | കൊടിവിളാകം നടപ്പാതലൈൻ<br>പാഞ്ചിക്കാല മുതുക്കുപ്ലാവിള ലൈൻ | 150 |
| 8. | ശൂലംകുടി | ശൂലംകുടി പട്ടത്തുനട, അരുമാനൂർ<br>ഗണപതിക്ഷേത്രംറോഡ് വരെ<br>അരുമാനൂർ കല്ലുവിള<br>കോയിക്കവിളാകംറോഡ്<br>ചെക്കടി മണ്ണാംവിളാകം റോഡ്<br><br>അരുമാനൂർതോട്ടുവരമ്പ് (പട്ടികജാതി<br>കോളനി)<br>അരുമാനൂർ ഇടവിളാകം നടപ്പാത<br>കോയിക്കവിളാകം, പാലോട് നടപ്പാത | അരുമാനൂർ D.B.G.S നടപ്പാത<br><br>അരുമാനൂർ കൂട്ടംവിളാകം നടപ്പാത<br>ശൂലംകുടി പട്ടത്തുനട കല്ലംപൊറ്റ<br>പരപ്പൻകുളം | 150 |
| 9. | പരണിയം | പരണിയം കുട്ടവിള, എടുത്തുചരിച്ചാൻവിള<br>ഊറ്റുകുഴി എടുത്തുചരിച്ചാൻവിള<br>പരണിയം-സൂപ്പർപാസ് മുതൽ<br>തിടതിട്ടപ്പൻവിള വരെ (ചാനൽ നടപ്പാത)<br>കാലായിതോട്ടം - കോയിക്കവിള നടപ്പാത<br>പാഞ്ചിക്കാല സൂപ്പർപാസ് മുതൽ<br>എടുത്തുചരിച്ചാൻവിളവരെ | | 150 |

## 4.7 പാർപ്പിടവും സാമൂഹികക്ഷേമവും

7.34 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള പൂവ്വാർ പഞ്ചായത്തിൽ 5298 കെട്ടിടങ്ങളും കുടുംബങ്ങളും നിലവിലുള്ള സ്ഥലപകമിതികാരണം ഒന്നിലധികം കുടുംബങ്ങൾ ചില വീടുകളിൽ താമസിച്ചു വരുന്നു. കഴിഞ്ഞ 5 വർഷമായി ഈ പഞ്ചായത്തിൽ ഭൂരഹിത തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമിപൊന്നിൻ വിലയ്ക്ക് എടുക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ഥല പരിമിധിയും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാർക്കറ്റ് വിലയുടെ അപര്യാപ്തതയുമാണ് ഇതിനുകാരണം. ഇതിന് സർക്കാർ തന്നെ പരിഹാരം കാണേണ്ടതാണ്.

ഉപാധിരഹിതഫണ്ട്, ജവഹാർ റോസ്കാർയോജന, ഇന്ദിരാആവാസ് യോജന, എന്നീ ഇനങ്ങളിൽ പെടുത്തി പ്രതിവർഷം 50 വീടുകൾക്ക് താഴെ മാത്രമേ ലഭിക്കുന്നുള്ളു. സ്ഥലമില്ലാതെയും പാർപ്പിടമില്ലാതെയും ആളുകൾ വിഷമിക്കുന്നു. ഈ പ്രശ്നം സർക്കാർ തലത്തിൽ മുൻഗണന നൽകി വിശദമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

പുകവിമുക്ത വർഷമായി പൂവ്വാർ പഞ്ചായത്ത് 1997 - 98 സാമ്പത്തിക വർഷം ആചരിക്കന്നതിന്റെ ഭാഗമായി പുകയില്ല അടുപ്പ് ലഭിച്ചിട്ടില്ലാത്ത മുഴുവൻ ഭവനങ്ങളിലും അനർട്ടിൽ നിന്നും സൗജന്യമായി പുകയില്ലാ അടുപ്പ് നൽകേണ്ടതാണ്.

EMS കോളനി, തൈക്കൈതെരുവ് എന്നീ പ്രദേശങ്ങളിൽ കഴിഞ്ഞ 30 വർഷമായി ഓലകൊണ്ടു മാത്രം കുത്തിമറച്ച 150 ഓളം വീടുകൾ ഉണ്ട്. ഇത്രയും വീടുകളിലായി 300 ഓളം കുടുംബങ്ങൾ താമസിച്ചു വരുന്നു. നിലവിലുള്ള പദ്ധതികൾ ഈ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നത് അശാസ്ത്രീയമാണ്. വിദഗ്ദ്ധരായ ഒരു സംഘം ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്ത് ഈ പ്രദേശത്തുകാർക്കു മെച്ചപ്പെട്ട പാർപ്പിട സൗകര്യം നൽകേണ്ടതാണ്.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് നിർധനരേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുട ഭാഗമായി തൊഴിലില്ലായ്മ വേതനം, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധക്യപെൻഷൻ, ക്ഷയം, കുഷ്ഠം, ക്യാൻസർ രോഗപെൻഷൻ എന്നീ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നതിന്റെ ഭാഗമായി ഈ പഞ്ചായത്തിലും നടന്നുവരുന്നു. ഈ പെൻഷനുകളെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ദരിദ്രരിലും ദരിദ്രരായ വിഭാഗക്കാർക്ക് കൃത്യസമയത്ത് പ്രസ്തുത വേതനം ലഭിക്കുന്നില്ലായെന്ന് വ്യാപകമായ പരാതി നിലവിൽ വന്നതോടുകൂടി ഇത്തരത്തിലുള്ള സാമ്പത്തിക വിതരണം പഞ്ചായത്തുകളെയാണ് ഏല്പിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റും ഗുണഭോക്താക്കളും ലിസ്റ്റും തമ്മിൽ പരിശോധിക്കുമ്പോൾ പെൻഷൻ അനുവദിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും കൊടുക്കാൻ കഴിയുന്നില്ലെന്നു മനസിലാകുന്നു. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## പഞ്ചായത്ത് വഴി നൽകുന്ന പെൻഷൻ വിവരം സംബന്ധിച്ച്

| | |
|---|---|
| 1. വിധവ പെൻഷൻ | 199 |
| 2. വികലാംഗപെൻഷൻ | 160 |
| 3. വാർദ്ധക്യകാലപെൻഷൻ | 39 |
| 4. ക്ഷയരോഗപെൻഷൻ | 5 |
| 5. ക്യാൻസർ രോഗ പെൻഷൻ | 5 |

## പഞ്ചായത്തിലെ വീടുകളുടെ തിരിച്ചുള്ള പട്ടിക

| വാർഡ് നമ്പർ | ടെറസ് | ഓട് മേഞ്ഞത് | കുടിൽ | ഷീറ്റ് മേഞ്ഞത് | ആകെ |
|---|---|---|---|---|---|
| I | 85 | 162 | 200 | 7 | 454 |
| II | 130 | 164 | 403 | 4 | 701 |
| III | 71 | 118 | 220 | | 409 |
| IV | 206 | 163 | 231 | 2 | 602 |
| V | 24 | 343 | 193 | 1 | 561 |
| VI | 152 | 281 | 294 | 7 | 734 |
| VII | 95 | 187 | 297 | 5 | 584 |
| VIII | 110 | 187 | 265 | | 562 |
| IX | 122 | 129 | 436 | 4 | 691 |
| ആകെ | 995 | 1734 | 2539 | 30 | 5298 |

## പുറംപോക്ക് ഭൂമി സംബന്ധിച്ച്

പൂവ്വാർ പഞ്ചായത്തിൽ 2796.20 ഹെക്ടർ പുറംപോക്ക് ഭൂമി ഉള്ളതായി കാണുന്നു. പഞ്ചായത്തിലെ പുറംപോക്ക് ഭൂമികൾ നിലവിലിരുന്ന ഭരണകർത്താക്കളുടെ അലംഭാവം കാരണം പലരും കൈയ്യേറി കൈവശപ്പെടുത്തിയിരിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. അവയിൽ എല്ലാ ജനവിഭാഗത്തിനും കൂട്ടായ ആവശ്യമുള്ളതും കാർഷിക അഭിവൃദ്ധിക്ക് ഒഴിച്ചുകൂടാൻ വയ്യാത്തതുമായ കുളങ്ങൾ, തോടുകൾ എന്നിവയും ഉൾപ്പെടുന്നു. പ്രകൃതി ദത്തമായ പൊതുജനങ്ങളുടെ വകയായി നിലനിറുത്തേണ്ട തോടുകളും, കുളങ്ങളും അന്യാധീനപ്പെട്ടതിന്റെ ഫലമായി കർഷകരും കുടിവെള്ളത്തിന് വേണ്ടി ബുദ്ധിമുട്ടുന്ന ജനങ്ങളും കഷ്ടത അനുഭവിച്ചു വരുന്നു. നിലവിലുള്ള കുളങ്ങളും തോടുകളും സംരക്ഷിച്ച് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ശ്രമിക്കുന്നതാണ്.

## പൂവ്വാർ പഞ്ചായത്തിലെ പുറംമ്പോക്കുകൾ സംബന്ധിച്ച വിവരം

| സ്വഭാവം | പിറംപോക്കിന്റെ വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| 1.റോഡ് പുറംമ്പോക്ക് | 1078.24 |
| 2ചാനൽ പുറംമ്പോക്ക് | 299.12 |
| 3കുളം പുറംമ്പോക്ക് | 311.40 |
| 4.തോട് പുറംമ്പോക്ക് | 435.80 |
| 5.ക്ഷേത്ര പുറംമ്പോക്ക് | 10.50 |
| 6.ഇടവഴി പുറംമ്പോക്ക് | 254.14 |
| 7.ചന്ത പുറംമ്പോക്ക് | 16.25 |
| 8.പഴയൻ പുറംമ്പോക്ക് | 143.20 |
| 9.പുഴ പുറംമ്പോക്ക് | 66.10 |
| 10.ബണ്ട് പുറംമ്പോക്ക് | 181.45 |
| | 2796.20 |

## 4.8 സംസ്ക്കാരം

സാംസ്ക്കാരിക വളർച്ചനേടിയാൽ മാത്രമേ പഞ്ചായത്തിന്റെ സർവ്വവിധമായ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. പൂവ്വാർ പഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഗ്രന്ഥശാലകളിൽനിന്ന് വളരെ കുറച്ചുപേർ മാത്രമേ പുസ്തകങ്ങൾ എടുത്തു വായിക്കുന്നുള്ളൂ എന്നു മനസിലാക്കാൻ കഴിഞ്ഞു. പൂവ്വാർ കേന്ദ്രമാക്കി പൂവ്വാർ പഞ്ചായത്തു വകയായി ഒരു ലൈബ്രറി ഉണ്ടാകണമെന്നാണ് പഞ്ചായത്തിന്റെ ആഗ്രഹം. സാമ്പത്തിക പരാധീനതയ്ക്കുള്ള പരിഹാരം ഉണ്ടാക്കാൻ എല്ലാവിഭാഗം ജനങ്ങളുടെയും സഹകരണത്തോടുകൂടി ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പൂവ്വാർ പഞ്ചായിലെ ലൈബ്രറികളുടെ വിവരം</u>

<u>ലൈബ്രറികൾ</u>

| പഞ്ചായത്ത് | മറ്റുള്ളവ | ആകെ |
|---|---|---|
| 1. S.N.S. ഗ്രന്ഥശാല, അരുമാനൂർ | 1. YMCA ഗ്രന്ഥശാല, പരണിയം | 1 + 5 |
| | 2. വിദ്യാഭിവർദ്ധിനി ഗ്രന്ഥശാല, കാലായ്തോട്ടം | 6 |
| | 3. D.B.G.S വനിതാഗ്രന്ഥശാല അരുമാനൂർ | |
| | 4. ലയോള ഗ്രന്ഥശാല, പൂവ്വാർ | |
| | 5. ടാഗോർ ഗ്രന്ഥശാല, എരിക്കലവിള | |

<u>വായനശാലകൾ</u>

| പഞ്ചായത്ത് വക | മറ്റുള്ളവ |
|---|---|
| 1. അംബേദ്ക്കർ വായനശാല | 1. ജനകീയ സമിതി, പാഞ്ചിക്കാല 1+1 : 2 |
| 2. കല്ലിംഗവിളാകം | 2. തുഞ്ചൻ സ്മാരകം, പൂവ്വാർ |

## പഞ്ചായത്തിൽ നിലവിലുള്ള സ്പോർട്സ് & ആർട്ട്സ് ക്ലബ്ബുകളുടെ വിവരം

1. ത്രിവേണി പരണിയം
2. വിദ്യഭിവർദ്ധിനി, കാലായിതോട്ടം
3. കൃസ്ത്യൻ ആർട്ട്സ് & സ്പോർട്ട്സ്, പരണിയം
4. ജയഭാരത് തീയേറ്റേഴ്സ്, ശൂലംകുടി
5. കല്ലിംഗ വിളാകം പൗരസമിതി
6. യൂണിവേഴ്സൽ ക്ലബ്, പൂവ്വാർ
7. സുപ്രിം ആർട്ട്സ് & സ്പോർട്ട്സ്, പൂവ്വാർ
8. സബർമതി ആർട്ട്സ് & സ്പോർട്ട്സ്, തെറ്റിക്കാട്
9. ജോസഫ് ആർട്ട്സ് & സ്പോർട്ട്സ്, പൂവ്വാർ ബിച്ച്
10. പ്രതിഭ ആർട്ട്സ് & സ്പോർട്ട്സ്, അരുമാനൂർ
11. സാൻപൈപ്പേഴ്സ്, പൂവ്വാർ
12. ഉദയഗിരി, അരുമാനൂർ
13. YMCA, പരണിയം
14. സെന്റ് ബർത്തലോമിയോ, പൂവ്വാർ
15. സഹൃദയാ കലാകായിക സമിതി, ശൂലംകുടി
16. പൗരസമിതി, ശൂലംകുടി

## കായികരംഗം

മികവുറ്റ പ്രതിഭകളെ വാർത്തെടുത്ത തനതു കായിക പാരമ്പര്യം ഏറെയൊന്നും അവകാശപ്പെടാനില്ല. കായിക പ്രതിഭകളെ വളർത്തി എടുക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്റ്റേഡിയങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. പഞ്ചായത്തു വകയായി നിർമ്മിച്ചിരിക്കുന്ന സ്റ്റേഡിയം കളിസ്ഥലത്തിന് അനുയോജ്യമല്ല. അനുയോജ്യമായ പുതിയസ്റ്റേഡിയം ഉണ്ടാകേണ്ടിയിരിക്കുന്നു. അതോടൊപ്പം നീന്തൽ താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള താമരക്കുളം എല്ലാ സൗകര്യങ്ങളോടുംകൂടിയ നീന്തൽ കുളമാക്കി മാറ്റേണ്ടതാണ്.

## 4.9 വനിത

പഞ്ചായത്ത്രാജ് സംവിധാനം നിലവിൽ വന്നതോടുകൂടി വനിതകളുടെ പങ്കിനും പ്രസക്തിയേറിയിരിക്കുകയാണ്. പൂവ്വാർ പഞ്ചായത്തിൽ പൊതുവെ എല്ലാരംഗത്തും വനിതകളുടെ പങ്കാളിത്തം കുറഞ്ഞാണ് വരുന്നത്. തൊഴിൽ രംഗത്തും, വിദ്യാഭ്യാസരംഗത്തും, വ്യവസായരംഗത്തും വനിതകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിന് മഹിളാസമാജങ്ങൾ വഴി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് ആഗ്രഹിക്കുന്നു.

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. തൊഴിലില്ലായ്മ | വനിതകൾക്കായി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. |
| 2. വ്യവസായത്തിനുള്ള പരിശീലനം | ബ്ലോക്കുവഴി ട്രൈസം ട്രെയിനിംഗ് നൽകേണ്ടതാണ്. |
| 3. സഹകരണം | വനിതകൾക്കായി കൂടുതൽ വനിതാ സഹകരണസംഘങ്ങളും പാൽ ഉല്പാദക യൂണിറ്റുകളും ആരംഭിക്കേണ്ടതാണ്. |

## 4.10 സഹകരണം

കാർഷിക കാർഷികേതര വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കാർഷിക കാർഷികേതര ബാങ്കുകൾക്ക് വളരെ കാര്യങ്ങൾ ചെയ്യാൻ ഉണ്ട്. പൂവാർ പഞ്ചായത്തിൽ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന കർഷക കുടുംബങ്ങൾക്കും കാർഷിക വായ്പ എത്തിക്കാൻ ഈ പഞ്ചായത്തിൽ കാർഷിക രംഗത്തു പ്രവർത്തിക്കുന്ന പൂവ്വാർ സർവ്വീസ് സഹകരണ ബാങ്കിനു കഴിഞ്ഞിട്ടില്ല. 40 വർഷങ്ങൾക്കു മുൻപ് ആരംഭിച്ച പ്രസ്തുത ബാങ്കിന്റെ 25 വർഷക്കാലത്തെ പ്രവർത്തനം ബാങ്കിന്റെ വളർച്ചയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെട്ടുവരുന്നു. വായ്പയെടുക്കുന്ന കർഷകർ തക്കസമയത്തിനുള്ളിൽ തിരിച്ചടയ്ക്കാത്തതാണ് കൂടുതൽ കർഷകർക്കും വായ്പ എത്തിക്കാൻ കഴിയാതെ വരുന്നത്. കൂടാതെ മത്സ്യബന്ധന വിപണനരംഗത്ത് പൂവ്വാർ മേഖലയിൽ രണ്ടു മത്സ്യസഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. മത്സ്യതൊഴിലാളികളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ ഈ സംഘങ്ങൾക്കും കഴിഞ്ഞിട്ടില്ല. കൂടാതെ വനിതാ സഹകരണസംഘങ്ങളുടെയും കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനങ്ങൾ മനുഷ്യനൻമയ്ക്ക് ഉതകുന്ന നിലയിൽ കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

<u>സഹകരണ രംഗത്തു പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം</u>

1. സർവ്വീസ് സഹകരണ ബാങ്ക് പൂവ്വാർ ക്ലിപ്തം നമ്പർ - 3966
2. പൂവാർ മത്സ്യതൊഴിലാളി സഹകരണ സംഘം - പൂവാർ
3. പൂവാർ കരുംകുളം മത്സ്യതൊഴിലാളി സഹകരണസംഘം
4. ബോധി വനിതാ സഹകരണസംഘം അരുമാനൂർ, പൂവാർ
5. പട്ടികജാതി സർവ്വീസ് സഹകരണസംഘം, അരുമാനൂർ, പൂവാർ
6. കല്ലിംഗവിളാകം ക്ഷീരോല്പാദക സഹകരണസംഘം, പാഞ്ചിക്കാല
7. കൈത്തറി നെയ്ത്തു സഹകരണസംഘം, T.B. ജംഗ്ഷൻ, പൂവാർ
8. കല്ലിംഗവിളാകം ക്ഷീരോല്പാദക സഹകരണസംഘം, പാഞ്ചിക്കാല
9. എലിപ്പല്ലി ക്ഷീരോല്പാദക സഹകരണ സംഘം, പരണിയം
10. പൂവാർ ക്ഷീരോല്പാദക സഹകരണസംഘം, പൂവാർ

## 4.11 പട്ടികജാതി.പട്ടികവർഗ്ഗം

പൂവാർ ഗ്രാമപഞ്ചായത്തിൽ എല്ലാപ്രദേശങ്ങളിലും പട്ടികജാതിവിഭാഗത്തിൽ പ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്നുണ്ട്. ഏറിയകാലം മുതൽ കൂലിപ്പണിചെയ്താണ് കുടുംബം പുലർത്തുന്നത്. ഒരു വർഷത്തിൽ 180 ദിവസംപോലും തൊഴിൽ ലഭിക്കാറില്ല. നിലവിൽ ഉള്ള കുടുംബങ്ങളിൽ പകുതിയിലധികം ദാരിദ്യരേഖയ്ക്കുതാഴെ യാണ്. സർക്കാർ ഈ വിഭാഗത്തിൽപ്പെട്ട വർക്ക് നിരവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും കയറിക്കിടക്കുവാൻ കിടപ്പാടം ഇല്ലാത്തവരും ഇക്കൂട്ടത്തിൽ ഇന്നും ഉണ്ട്. കുടിൽ വച്ചു താമസിക്കുന്ന ഒട്ടനവധികുടുംബങ്ങൾക്ക് ഒരു വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക ശേഷിയില്ല. ഉപാധിരഹിതഫണ്ട്, ജെ. ആർ. വൈ. ഇന്ദിര അവാസ് യോജന എന്നിവ മുഖാന്തിരം വീടുവെയ്ക്കാൻ നൽകുന്ന ഗ്രാന്റുകൊണ്ട് വീടിന്റെ പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. ടി പദ്ധതികൾ വഴി വീടു നിർമ്മിക്കാൻ നൽകുന്ന സഹായധനം ഒരു കുടുംബത്തിന് അൻപതിനായിരം രൂപയാക്കി വർദ്ധിപ്പിച്ചുകൊടുക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

| | |
|---|---|
| പട്ടികജാതി കോളനി ശുദ്ധജലം | കല്ലിംഗവിളാകം, ഇടയിക്കൽ, ചെക്കടി, നെടിയകാല, അരുമാനൂർ, തോട്ടുവരമ്പ്സ പൂവ്വാർ തുരുത്തി, പൂവ്വാർ ബണ്ട്, തെറ്റിക്കാട്, ആയിരംതൈ, കുന്നുമല എന്നിവിടങ്ങളിൽ കുടി വെള്ളം എത്തിക്കുക. |
| വൈദ്യുതി | പൂവ്വാർ തുരുത്തി, ആയിരംതൈ, അരുമാനൂർ തോട്ടുവരമ്പ്, കുന്നുമല എന്നീ ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം. |
| റവന്യൂപട്ടയം | അരുമാനൂർ, I.H.D.P. മണിയങ്കൽ തോട്ടം കോളനി, അരുമാനൂർ തോട്ടുവരമ്പ് കോളനിയിലെ കുടികിടപ്പുകാർക്ക് പട്ടയം നൽകാൻ റവന്യൂ വകുപ്പ് അടിയന്തിര നടപട സ്വീകരിക്കേണ്ടതാണ്. |

## 4.12 വിഭവസമാഹരണം

ഈ പഞ്ചായത്തിന്റെ മുഖ്യവരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്, മണൽലേലം (ഒന്നിടവിട്ടവർഷം) പഞ്ചായത്ത് വസ്തുക്കളിൽ നിന്നുമുള്ള വരുമാനവുമാണ്. ഇവിടെ വൻകിടവ്യവസായങ്ങളോ, ചെറുകിട വ്യവസായങ്ങളോ ഒന്നുമില്ല. ചെറുകിട വൻകിട വ്യവസായങ്ങളുടെ എണ്ണം കൂട്ടിയും കാർഷികമേഖലയിൽ നിന്നും കൂടുതൽ വിഭവങ്ങൾ സമാഹരിച്ചും വിഭവസമാഹരണം നടത്താവുന്നതാണ്.

### ഗ്രാമീണവായ്പാസ്ഥാപനങ്ങൾ

| ക്രമനമ്പർ | സ്ഥാപനങ്ങൾ | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | പൂവാർ ചന്ത നട |
| 2. | കാനറാബാങ്ക് | പട്ട്യക്കാല |
| 3. | വൈശ്യാബാങ്ക് | പൂവാർ ബസ്സ്റ്റാന്റ് ജംഗ്ഷൻ |

### പഞ്ചായത്തിലെ വരുമാനമാർഗ്ഗങ്ങൾ

സംസ്ഥാന ഗവർമെന്റ് നൽകുന്ന ഗ്രാന്റുകളും പഞ്ചായത്തു നികുതിയിനത്തിൽ ഈടാക്കുന്ന വരുമാനവുമാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ.

| | ഇനം തനതു വരുമാനം | വരുമാനം 1995-1996 |
|---|---|---|
| 1. | കെട്ടിട നികുതി | 71384.15 |
| 2. | തൊഴിൽ നികുതി | 222866.00 |
| 3. | വിനോദ നികുതി | 31087.00 |
| 4. | കുത്തകപ്പാട്ടം | ഇല്ല |
| 5. | കെട്ടിട വാടക | ഇല്ല |
| 6. | ലൈസൻസ് ഫീസ് | 1729.00 |
| 7. | മാർക്കറ്റ് വരവ് | |
| 8. | വസ്തു നികുതി | 81497.00 |
| 9. | മണൽലേലം | 561522.00 |
| 10. | വൃക്ഷലേലം | 18885.00 |
| 11. | പലവക | 348636.40 |
| 12. | അൺടൈഡ് ഫണ്ട് | 289490.00 |
| 13. | ജെ.ആർ.വൈ. | 221600.00 |
| | ആകെ | 1848666.55 |

ഗ്രാന്റുകൾ - 1995 - 96

| | | |
|---|---|---|
| അൺടൈഡ് ഫണ്ട് | 289490.00 | |
| വില്ലേജ്റോഡ് മെയന്റനൻസ് ഗ്രാന്റ് | 17685.00 | |
| ലൈബ്രറി ഗ്രാന്റ് | | |
| മൈനർ ഇറിഗേഷൻഗ്രാന്റ് | 12220.00 | |
| വെഹിക്കിൾ ടാക്സ്കോമ്പൻസേഷൻ | 136861.00 | |
| ജെ. ആർ. വൈ | 221600.00 | |
| വസ്തു കൈമാറ്റ നികുതി | 9286 (25%) | 72211 (75%) |

## വരുമാനം കണ്ടെത്തലുകൾ

| | |
|---|---|
| 1. പഞ്ചായത്തിൽ കമ്മ്യൂണിറ്റിഹാൾ | നിർമ്മിക്കുന്നതിനുള്ള ചെലവ് ഗ്രാമവികസന ബോർഡിൽ നിന്നും കണ്ടെത്താവുന്നതാണ്. |
| 2. പഞ്ചായത്തു മാർക്കറ്റുകൾ | |
| 3. പഞ്ചായത്തുപുറംപോക്കുകളിൽ വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ചു വരുമാനം വർദ്ധിപ്പിക്കുക. | പഞ്ചായത്ത് നേരിട്ട് |

## പഞ്ചായത്തിന്റെ 1995 - 96 ലെ ചെലവു വിവരം

| | | |
|---|---|---|
| 1. | ഭരണം | 508819.00 |
| 2. | പൊതുമരാമത്തു | 87348.00 |
| 3. | വിദ്യാഭ്യാസം | 78706.00 |
| 4. | പൊതുജനാരോഗ്യം<br>ജലവിതരണം, ഓടകൾ | 71371.00 |
| 5. | തെരുവിളക്കു കത്തിക്കൽ | 108325.00 |
| 6. | മറ്റു ചെലവുകൾ | 725151.00 |
| | ആകെ | 1579720.00 |

# ടൂറിസം

ചരിത്രപ്രസിദ്ധമായ പൂവ്വാറിന് പ്രകൃതി കനിഞ്ഞനുഗ്രഹിച്ച് നൽകിയ രമണീയതയാണ് പൊഴിക്കരയും, പരിസരപ്രദേശങ്ങളും. കോവളത്തിനും കന്യാകുമാരിക്കും ഇടയ്ക്കായി സുന്ദരമായ ഒരു ഭൂപ്രദേശം ഉള്ള വിവരം അടുത്തകാലത്താണ് പുറം ലോകം അറിഞ്ഞുതുടങ്ങിയത്. കേരളക്കരയിലെ മുഴുവൻ ദിനപത്രങ്ങളും പൂവ്വാറിലെ ടൂറിസം സാദ്ധ്യതയെക്കുറിച്ച് നിരവധി ലേഖനപരമ്പരകൾതന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള താണ്. നാട്ടുകാരുടെ ശ്രമഫലമായി ടൂറിസം വകുപ്പ് പലപ്രാവശ്യവും സ്ഥലം സന്ദർശിക്കുകയും ധാരാളം സർവ്വേ നടത്തുകയും ഉണ്ടായി. ഏറ്റവും ഒടുവിൽ ജില്ല കളക്ടറും, ടൂറിസംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു വൻസംഘം സ്ഥലം സന്ദർശിക്കുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കി ടൂറിസംവകുപ്പിനും സർക്കാരിനും സമർപ്പിച്ചുവെങ്കിലും പൂവ്വാറിലെ ടൂറിസം സാദ്ധ്യത ചുവപ്പ് നാടകളിൽ കുരുങ്ങിക്കിട ക്കുകയാണ്.

പൂവ്വാർ ജംഗ്ഷനിൽ നിന്നും തീരദേശപാതയിലൂടെ അരകിലോമീറ്റർ കടക്കുമ്പോൾ തന്നെ അറബിക്കടലിന്റെ മനോഹാരിത നമുക്ക് കാണുവാൻ സാധിക്കും. അറബിക്കടലിന് സമാന്തരമായി ഒഴുകുന്ന അനന്ത വിക്ടോറിയ മാർത്താണ്ഡം കനാൽ. ഒരു വശത്ത് വിജനവും, വിശാലവുമായ മണൽപ്പരപ്പ്. മറുവശത്ത് ദ്വീപസമൂഹങ്ങളെ ഓർമ്മിപ്പിക്കുമാറ് മനോഹരമായ തുരുത്തുകളും തെങ്ങിൻതോപ്പുകളും. അറബിക്കടലിനും മണൽപ്പരപ്പിനും തീരദേശപാതയ്ക്കും അനന്തവിക്ടോറിയ മാർത്താണ്ഡം കനാലിനും തെങ്ങിൻതോപ്പുകൾക്കും സമാന്തരമായി ഒഴുകുന്നനെയ്യാറ്, നെയ്യാറിനപ്പുറം മനോഹരമായ വെള്ളമണൽക്കൂനകളും, അതിനെക്കാൾ ഉയർന്ന പൊറ്റകളും നെയ്യാറിൽ അവിടവിടെയായി തല ഉയർത്തി നില്ക്കുന്ന കരിംപാറക്കൂട്ടങ്ങൾ ഇവയെയെല്ലാം സാക്ഷ്യം വഹിച്ചുകൊണ്ട് നെയ്യാറും, A.V.M. കനാലും അറബിക്കടലിൽ പതിക്കുന്ന സംഗമസ്ഥലം (പൊഴിക്കര). പൂവ്വാറിന്റെ പ്രകൃതിഭംഗി വർണ്ണനാതീതമാണ്.

കേന്ദ്രസംസ്ഥാനസർക്കാരുകൾ ടൂറിസത്തിന് വേണ്ടി സാദ്ധ്യതയില്ലാത്ത പ്രദേശങ്ങളിൽപ്പോലും കോടികൾ ചെലവിടുമ്പോൾ, വളരെ കുറച്ച് പണംകൊണ്ട് വളരെയേറെ വികസനത്തിനും വരുമാനത്തിനും സാദ്ധ്യതയുള്ളതാണ് പൂവ്വാർപ്രദേശം.

വിദേശസഞ്ചാരികളെ ഉൾപ്പെടെ ആകർഷിക്കുവാൻ കഴിയുന്ന പൂവ്വാർ - പൊഴിക്കര ഒരു വിനോദസഞ്ചാരകേന്ദ്രമായാൽ പൂവ്വാറിന്റെ വ്യാവസായിക സാംസ്ക്കാരിക രംഗത്ത് വിപ്ലവാത്മകമായ മാറ്റം ഉണ്ടാകും. സാമ്പത്തികരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന പൂവ്വാർ പഞ്ചായത്തിന് ടൂറിസം സാദ്ധ്യത പൂവണിഞ്ഞാൽ ഒരു മുതൽക്കൂട്ട് തന്നെയായിരിക്കും.

## നിർദ്ദേശങ്ങൾ

ടൂറിസംമേഖലയായി പ്രഖ്യാപിച്ച് പ്രാവർത്തികമാക്കുവാനുള്ള നടപടി സ്വീകരിക്കുക.

## പരിഹാരമാർഗ്ഗങ്ങൾ

മണൽപ്പരപ്പിൽ കുട്ടികളുടെ പാർക്ക് ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ പാർക്കുകൾ സ്ഥാപിക്കുക. A.V.M. കനാലിലും, നെയ്യാറിലും, ബോട്ട് സർവ്വീസ് ആരംഭിക്കുക.

മണൽക്കൂനകളിൽ പൂന്തോട്ടം നിർമ്മിക്കുക. കൊടിതൂക്കിമലയെയും ഇതരമലകളെയും ബന്ധപ്പെടുത്തി റോപ്പുവേ സർവ്വീസ് ആരംഭിക്കുക.